# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com

e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. OCTOBER 2023. ₹ 5.00

VOL. 11 - ISSUE NO. 12 - DATE OF PUBLICATION 25TH OCTOBER, 2023 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24



8 **2017–18 ന്റെ ജി.എസ്.റ്റി. റിട്ടേണിലെ തെറ്റ് തിരുത്താൻ എന്താണ് വഴി?**

10 വായ്പ എടുക്കുമ്പോൾ സംരംഭകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

12 കെ.എസ്.എസ്.ഐ.എ. 62-ാമത് ആനുവൽ ജനറൽ ബോഡി യോഗം

3 സർക്കാർ ഇൻഷുറൻസ് പരിരക്ഷ

5 സംരംഭകരുടെ പരാതി പരിഹാര സംവിധാനം നിലവിൽ വന്നു

7 വായ്പാ കുടിശ്ശികയ്ക്ക് പിഴ പലിശ ഈടാക്കരുത്

14 വേൾഡ് കോഫി കോൺഫറൻസ് & എക്സ്പോ 2023.

16 കേരള ബ്രാൻഡ്




# PRIVATE INDUSTRIAL PARK

To Improve private participation in the development of industrial infrastructure

GOVERNMENT OF KERALA

KSIDC



**Entities owning & possessing land of minimum**

- 10 acres or more*for industrial estates/parks
- 5 acres or more for Standard Design Factories
- Facilitate the Private Developer in developing roads, power and water supply
- Extend financial assistance of Rs. 30 lakhs per acre (limited to Rs. 3 Cr) –as reimbursement

Entities may be Companies | Co-operatives | Charitable Societies | Partnership firms | Consortium of MSME units

CONDITIONS

- Land proposed shall be fit for Industrial Use
- Shall not fall under Eco-Sensitive Area (ESA) or Coastal Regulation Zone (CRZ)
- Shall not fall within the purview of Kerala Conservation of Paddy Land and Wet land Act 2008
- Should not have any other restrictions regarding land use

Online Application portal | **https://pie.industry.kerala.gov.in**

KERALA STATE INDUSTRIAL DEVELOPMENT CORPORATION LIMITED

Head Office: Keston Road, Kowdiar, Thiruvananthapuram-695003 | Regional Office: 2nd Floor, Choice Towers, Manorama Jn, Kochi-682016

Satellite Office: First Floor, BSNL Office Annex. Building, Balan K Nair Road, Ashokapuram,Kozhikode – 673 001

Ph: No: 0484-2323010 | enquiry@ksidcmail.org | www.ksidc.org

Follow us on



**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate, Kalamassery - 683 503. Ph : 94963 60300
kssiastate@gmail.com, www.kssia.com



**STATE OFFICE BEARERS FOR THE YEAR 2022-2024**

**STATE PRESIDENT**
A. Nizarudeen
Naz Wood Industries, T.K.M.C.P.O., Karicode, Kollam - 05. Mob: 94477 10078
Email: nazwoodind@gmail.com

**GENERAL SECRETARY**
P.J. Jose
Pallipadan Enterprises, Marottichuvadu, Edapally, Cochin - 682 024. Mobile: 98460 53553
Email: info@manoramasalescorporation.com

**STATE VICE PRESIDENTS**

**SOUTH ZONE**
A. Fasiludeen
Travancore New Tech Interlock Bricks, Pulimath, Karette, Trivandrum - 695 612.
Mob: 94007 04000, Email: fthoppil@yahoo.com

**CENTRAL ZONE**
Abraham Kuriakose
Perfect Crumbs, Amayannoor P.O., Kottayam - 686 019.
Mob: 94470 43445, Email: perfectcorp@yahoo.com

**NORTH ZONE**
A.V. Sunilnath
Ferrero Vinyil Technologies (Pvt) Ltd, 7/342, Kolathra P.O., Kozhikode - 673 655.
Mob: 93497 44145,
Email: sunilnath@walkaroogroup.com

**STATE TREASURER**
Joseph Paikada
Indo-Malabar Foods (P) Ltd, N.H. Road, Kanhirangad, Taliparamba, Kannur - 670 142.
Mob: 94972 24422, Email: josephpaikada@gmail.com

**STATE JOINT SECRETARIES**
V.K. Harilal (South Zone)
Venice Coir Company, I D Plot, Vadackal P.O., Alappuzha - 688 003. Mob: 98472 30058

B. Jayakrishnan (Central Zone)
Toyo Rubbers, Kumaramangalam P.O., Thodupuzha.
Mob: 94473 30569

George Mundakkal (North Zone)
Paulson Fertilizers, Kalluvayal, Sulthan Bathery P.O., Wayanad. Mob: 94472 95110

**EDITORIAL BOARD**
**Chief Editor**
S. Salim
Mobile: 93873 05751
Email: md@unicornplywoods.com

**MEMBERS**

| | |
|---|---|
| A. Nizarudeen | Mob: 94477 10078 |
| P. J. Jose | Mob: 98460 53553 |
| Rajesh. G | Mob: 98957 03837 |
| Thomas Mathew | Mob: 94470 46411 |

**PRINTER & PUBLISHER**
K.P. Ramachandran Nair
Mobile: 94470 17899

---


**PRINTING, COVER DESIGN & LAYOUT**
Rajsree Industrial Printer, Edayar.



KSSIA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION OCTOBER 2023 ₹ 5.00


## എഡിറ്റോറിയൽ

# സർക്കാർ ഇൻഷുറൻസ് പരിരക്ഷ



വ്യവസായ വികസനം ഒരു ദേശത്തിന്റെ സാമ്പത്തിക വികാസത്തിനും തൊഴിൽ സാധ്യതകൾക്കും സഹായകമാണ്. അതുകൊണ്ടുതന്നെയാണ് സർക്കാരുകൾ വ്യവസായ വികസനത്തിൽ ശ്രദ്ധയൂന്നതും, പ്രോത്സാഹന പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നത്. അക്കാര്യത്തിൽ ഒട്ടും പിന്നിലല്ല കേരള സർക്കാരും. സംരക്ഷണവും വളർച്ചയും ലക്ഷ്യമിട്ടുകൊണ്ടാണ് നമ്മുടെ സർക്കാർ ഇപ്പോൾ വ്യവസായികൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരിക്കുന്നത്. ഉദാരമായ ഇളവുകളോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് വ്യവസായ സംഘടന എന്ന നിലയിൽ വളരെ സന്തോഷത്തോടെ ഇതിനെ സ്വാഗതം ചെയ്യുന്നു. വ്യവസായ വികസനത്തിന് പ്രോത്സാഹനം നൽകുന്ന സർക്കാർ ഇപ്പോൾ സൂക്ഷ്മ–ചെറുകിട–ഇടത്തരം വ്യവസായികൾക്ക് ഏർപ്പെടുത്തിയ ഇൻഷുറൻസ് പരിരക്ഷ സ്വാഗതാർഹമാണ്.

നാഷണൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്, ഓറിയൻറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്, ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്, യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്, എന്നീ നാല് പൊതു മേഖല ഇൻഷുറൻസ് കമ്പനികളുമായാണ് പദ്ധതി നടപ്പാക്കുന്നത്.

ഈ സ്ഥാപനങ്ങളിൽ 2023 ഏപ്രിൽ ഒന്നിന് ശേഷം ഉദ്യം രജിസ്ട്രേഷൻ ഉള്ള എം.എസ്.എം.ഇ യൂണിറ്റുകൾക്ക് ഭാരത് സൂക്ഷ്മ അല്ലെങ്കിൽ ലഘു ഉദ്യംസുരക്ഷാ പോളിസിയിൽ മേൽപറഞ്ഞ നാല് ഇൻഷുറൻസ് കമ്പനികളിൽ നിന്നും പോളിസി എടുത്തുട്ടുള്ള യൂണിറ്റുകൾക്ക് വാർഷിക ഇൻഷുറൻസ് പ്രീമിയത്തിന്റെ 50 ശതമാനം വരെയോ 2500 രൂപയോ, ഏതാണ് കൂടുതൽ അത് നൽകുമെന്നാണ് സർക്കാർ അറിയിപ്പ്.

50% എന്നത് കേൾക്കാൻ സന്തോഷമാണ്. എന്നാൽ പരമാവധി 2500 രൂപയിൽ നിജപ്പെടുത്തിയത് വളരെ കുറഞ്ഞ തുകയായി പോയി.

മാത്രമല്ല ഇതിനുവേണ്ടി അനുവദിച്ചിട്ടുള്ള തുക 30 ലക്ഷം രൂപയാണ്. 2500 രൂപ വീതം 1200 പേർക്ക് മാത്രമേ നൽകാൻ കഴിയൂ. കേരളത്തിൽ മൂന്ന് ലക്ഷം എം.എസ്.എം.ഇ. വ്യവസായികൾ ഉണ്ട്. ഇതിൽ 1200 പേർക്ക് മാത്രമേ ഈ പരിരക്ഷ നൽകാൻ കഴിയും. എങ്കിലും പുതിയ ഒരു വ്യവസായ സംരക്ഷണ പദ്ധതി ആവിഷ്കരിച്ച നടപടി സ്വാഗതാർഹമാണ്. വരും കാലങ്ങളിൽ കൂടുതൽ വ്യവസായികൾക്ക് കൂടുതൽ സഹായകമാകാം വിധം പദ്ധതി വികസിപ്പിച്ച് നടത്തുമെന്ന പ്രതീക്ഷയോടെ,

**എസ്. സലിം**
ചീഫ് എഡിറ്റർ




# എല്ലാം ശരിയാകും

## സർട്ടിഫിക്കേഷൻ ശരിയാണെങ്കിൽ

**ഭക്ഷ്യ ഉൽപാദക സ്ഥാപനങ്ങൾ, ഭക്ഷ്യ സംസ്കരണ കമ്പനികൾ, ഹോട്ടൽ, കാറ്ററിംഗ് സ്ഥാപനങ്ങൾ, എക്സ്പോർട്ടിംഗ് എന്നിങ്ങനെ ചെറുകിട, ഇടത്തരം ബിസിനസുകൾ ഉൾപ്പെടെ ഭക്ഷ്യ വിതരണ ശൃംഖലയിലെ എല്ലാ തരത്തിലുമുള്ള ബിസിനസുകൾക്കും ഭക്ഷ്യ സുരക്ഷാ സർട്ടിഫിക്കേഷൻ ബാധകമാണ്**


**കൂടുതൽ വിവരങ്ങൾക്ക്**

**NATIONAL CENTRE FOR HACCP CERTIFICATION**

2, Vidhya Nagar, Opposite Police Ground,
Thycaud P.O., Thiruvananthapuram - 695014.
Tel: +91 471-2321882 Fax: +91 471-2322883
Email: info@haccpindia.org
www.haccpindia.org




**പ്രസിഡൻഷ്യൽ റിപ്പോർട്ട്**



# സംരംഭകരുടെ പരാതി പരിഹാര സംവിധാനം നിലവിൽ വന്നു

സർക്കാർ കേരളമൊരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റി കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ സംരംഭകർക്ക് വേണ്ടി പുതിയ നൂതനമായ പല ആശയങ്ങളും രൂപപ്പെടുത്തിയിട്ടുണ്ട്. സർക്കാരിന്റെ ഇത്തരം സമീപനത്തിലൂടെ വ്യവസായികളുടെ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കുന്നുണ്ട്. വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഗ്രീവൻസ് റീഡ്രസ്സൽ സിസ്റ്റം നിലവിലുണ്ട്.

സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2022 ലെ 19-ാം നമ്പർ ആക്റ്റ് പ്രകാരം 1999 ലെ കേരള ഇൻഡസ്ട്രീയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രീയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്റ്റ് 1999 (2000 ലെ നിയമം 5) ന്റെ ഭേദഗതി വഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് ഗ്രീവൻസ് റിഡ്രസ്സൽ സിസ്റ്റം. ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ രൂപികരിച്ചു കൊണ്ടാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ജില്ലാ കമ്മിറ്റിയിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമാണ്. സംസ്ഥാന കമ്മിറ്റിയിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ കൺവീനറുമാണ്. ആക്റ്റ് പ്രകാരമുള്ള സേവനം നൽകുന്നതിൽ എന്തെങ്കിലും വീഴ്ചയോ കാലതാമസമോ ഉണ്ടായതായി സംസ്ഥാന പരാതി പരിഹാര കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ പ്രസ്തുത വിഷയം സംസ്ഥാന കമ്മിറ്റിക്കു പരിശോധിക്കാവുന്നതും ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതുമാണ്. അതുപോലെ ജില്ലാ കമ്മിറ്റിക്കും സംസ്ഥാന കമ്മിറ്റിക്കും ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അതുപോലെ മതിയായ കാരണം കൂടാതെ സേവനം നൽകുന്നതിന് നിയുക്തമായ ഉദ്യോഗസ്ഥൻ കാലതാമസമോ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് ജില്ലാ-സംസ്ഥാന കമ്മിറ്റികൾക്ക് ബോദ്ധ്യപ്പെടുന്നപക്ഷം നിയുക്ത ഉദ്യോഗസ്ഥനുമേൽ പിഴ ചുമത്തുന്നതിനും ബാധകമായ സർവ്വീസ് ചട്ടങ്ങൾക്ക് കീഴിൽ വകുപ്പുതല നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാര സ്ഥാനത്തോട് ശുപാർശ ചെയ്യുന്നതിനും ആക്റ്റ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സംവിധാന കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. - വെബ്സൈറ്റ് www.grievanceredressal.industry.kerala.gov.in

പ്രസ്തുത പോർട്ടലിൽ ചെറുകിട വ്യവസായികളുടെ പരാതികളൊന്നും കാര്യമായി റജിസ്റ്റർ ചെയ്തിട്ടില്ല. ആയതിനാൽ ചെറുകിട വ്യവസായ മേഖലയിലുള്ള അംഗങ്ങളുടെ പരാതികൾ എത്രയും പെട്ടെന്ന് റജിസ്റ്റർ ചെയ്ത് നിങ്ങളുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം കാണാൻ ശ്രമിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. **ഈ പോർട്ടലിൽ റജിസ്റ്റർ ചെയ്ത് കഴിഞ്ഞാൽ അടിയന്തിരമായി തന്നെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുന്നതാണ്. ആയതിനാൽ മുഴുവൻ വ്യവസായികളും ഈ സംവിധാനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.**

**എ. നിസാറുദ്ദിൻ**
**സംസ്ഥാന പ്രസിഡന്റ്**



सूक्ष्म, लघु और मध्यम उद्यम मंत्रालय
MINISTRY OF MICRO, SMALL & MEDIUM ENTERPRISES

G20 भारत 2023 INDIA

Azadi Ka Amrit Mahotsav

# Free On-site Assistance for ZED (MSME) Registration & Certification

## What is ZED Certification?

ZED Certification is an initiative from the Govt. of India, Ministry of Micro, Small & Medium Enterprises with an objective of improving the Productivity, Quality and Sustainability of the MSMEs without impacting the environment.

MSME Zed CERTIFICATION — ZERO DEFECT ZERO EFFECT

## CERTIFICATION STEPS

1. Pledge/Registration
2. Undertaking Compliances
3. Document Upload
4. Verification
5. Recommendation
6. Assessment Report

Zed Joining Reward Rs.10,000/-

## ZED CERTIFICATION BENEFITS

- Improved Quality
- Enhanced Production
- Improved Profits
- Reduce Negative Environmental Impact

## INCENTIVES FOR ZED CERTIFIED MSMEs

- Upto 2.25% concession on Interest Rate and 75% on Processing Fee by Banks on Loans
- Upto Rs. 3 Lakhs of Financial Support by Ministry of MSME on Technology Upgradation (for Zero Effect Solutions)
- Additional Financial Support by State Governments on Technology Upgradation, Energy Audits, Capital Subsidy, etc.
- Upto Rs. 2 Lakhs of Consultancy/ Handholding Support by Ministry of MSME
- Upto Rs. 50,000 of Financial Support by Ministry of MSME on related Testing, Product & System Certification

For free registration and certification assistance:

Contact:
Phone: +91-7907023114
Email: zedcertification.kspc@gmail.com

CERTIFICATION SUBSIDY

| 80% | 60% | 50% |
|---|---|---|
| Micro | Small | Medium |

Empanelled ZED Consultant Organization:


KERALA STATE PRODUCTIVITY COUNCIL
Productivity House, P.B. No. 08 ,H.M.T. Road,
Kalamassery, Cochin - 683 104
+91-484 2555526, 2555367, 2532107

Supported by:

QUALITY COUNCIL OF INDIA
QCI
Creating an Ecosystem for Quality



**വോയിസ് ഓഫ് ജനറൽ സെക്രട്ടറി**



# വായ്പാ കുടിശ്ശികയ്ക്ക് പിഴ പലിശ ഈടാക്കരുത്: റിസർവ്വ് ബാങ്കിന്റെ ഉത്തരവ് സ്വാഗതാർഹം



## ഇടപാടുകാരിൽ നിന്നും ഈടാക്കുന്ന വിവിധ സർവ്വീസ് ചാർജ്ജുകളും ഒഴിവാക്കണം

ബാങ്കുകൾ ഉൾപ്പടെയുള്ള ധനകാര്യ സ്ഥാപനങ്ങൾ ഇടപാടുക്കാരോട് അനുവർത്തിക്കുന്ന നീതി രഹിതമായ നടപടികൾക്ക് ആശ്വാസം നല്കുന്ന ഉത്തരവാണ് റിസർവ്വ് ബാങ്ക് ഈയടുത്ത കാലത്ത് ഇറക്കിയത്. വായ്പ കുടുശ്ശിക ഉള്ളവരുടെ മേൽ യാതൊരു മാനദണ്ഡവുമില്ലാതെ പിഴ പലിശ ഈടാക്കുന്ന നടപടി റദ്ദാക്കി കൊണ്ടുള്ളതാണ് ഈ ഉത്തരവിലെ ശ്രദ്ധേയമായ തീരുമാനം. പലിശ ഇനത്തിലുള്ള വ്യത്യാസവും മാസത്തവണ തിരിച്ചടവിലെ മാറ്റങ്ങളും യഥാസമയം ഇടപാടുകാരെ അറിയിക്കണമെന്നാണ് ഒന്നാമത്തെ വ്യവസ്ഥ. തിരിച്ചടവ് മുടങ്ങുകയോ വായ്പകരാർ വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്യുമ്പോൾ ഈടാക്കുന്ന പിഴ പലിശ ഒഴിവാക്കണമെന്നാണ് രണ്ടാമത്തെ വ്യവസ്ഥ. ഈ രണ്ടു വ്യവസ്ഥകളും ധനകാര്യ സ്ഥാപനങ്ങളെ സംബന്ധിച്ച് തിരിച്ചടിയും ഇടപാടുക്കാരെ സംബന്ധിച്ച് ആശ്വാസകരവുമാണ്.

വായ്പ എടുക്കുന്നവർ പ്രത്യേകിച്ച് ചെറുകിട വ്യവസായികൾ മനപൂർവ്വം മാസ തിരിച്ചടവ് വീഴ്ച വരുത്താൻ ശ്രമിക്കില്ല. തന്റെ സംരംഭം നടത്തി കൊണ്ട് പോകുന്നതിനു നിരവധി ബുദ്ധിമുട്ടുകൾ നേരിടേണ്ടതായി വരുന്നുണ്ട്. തൊഴിൽ സമരം മൂലമോ ഉല്പാദന കുറവ് കൊണ്ടോ മാർക്കറ്റിങ്ങ് രംഗത്ത് ഉണ്ടാകുന്ന വിപരീത ഫലമോ ഉല്പന്നങ്ങൾ സപ്ലൈ ചെയ്താൽ യഥാസമയം വില കിട്ടാതിരിക്കുകയോ തുടങ്ങിയ വിവിധ കാരണങ്ങൾ കൊണ്ട് സംരംഭം സാമ്പത്തികമായി തകർച്ച നേരിടും. ഇക്കാരണങ്ങൾ കൊണ്ട് മാസ തിരിച്ചടവിന് സാധിക്കാതെ വരും. ഇത് ഒരു സൗകര്യമായി കണക്കാക്കി കുടിശ്ശികക്കാരുടെ മേൽ തോന്നും പോലെ പിഴ പലിശ ഇടാക്കാനും തവണ ഗഡുക്കൾ വർദ്ധിപ്പിക്കാനും ആണ് ധനകാര്യ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നുണ്ടാകുന്നത്. റിസർവ്വ് ബാങ്കിന്റെ ഇപ്പോഴത്തെ ഉത്തരവ് ഇതിനു ഒരറുതി വരുത്തും. റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ധനകാര്യ സ്ഥാപനങ്ങളും ഇടപാടുകാരിൽ നിന്നും വിവിധ ഇനങ്ങളിൽ ഈടാക്കുന്ന സർവ്വീസ് ചാർജ്ജുകളും ഒഴിവാക്കാനുള്ള നടപടിയും റിസർവ്വ് ബാങ്കിന്റെ ഭാഗത്തു നിന്നുണ്ടാകേണ്ടതുണ്ട്. ചെക്ക് കളക്ഷൻ ചാർജ്ജ് ഏതെങ്കിലും കാരണവശാൽ ചെക്ക് മടങ്ങുമ്പോൾ അതിന് ഈടാക്കുന്ന ഭീമമായ ചാർജ്ജ്, പ്രൊസ്സസിങ്ങ് ചാർജ്ജ്, എസ്.എം.എസ്. ചാർജജ്, ഒരു ലക്ഷത്തിനു മേൽ പണമായി നിക്ഷേപിച്ചാൽ എണ്ണുന്നതിനുള്ള ചാർജ്ജ് തുടങ്ങിയ വിവിധ ഇനങ്ങളിലായി ഇടപാടുക്കാരുടെ മേൽ സർവ്വീസ് ചാർജ്ജ് ഈടാക്കുന്നുണ്ട്. ഒരു ഇടപാടുക്കാരൻ വായ്പ നല്കിയ സ്ഥാപനത്തിലെ എല്ലാ ബാദ്ധ്യതകളും തീർത്ത് മറ്റൊരു ബാങ്കിലേക്ക് അക്കൗണ്ട് മാറ്റണമെങ്കിൽ അതിന് ഒന്നു മുതൽ 3 ശതമാനം വരെ പ്രീ ക്ലോസ്സർ ചാർജ്ജ് എന്ന നിലയ്ക്ക് വൻ തുക ഈടാക്കുന്നുണ്ട്. പൊതുമേഖല ബാങ്കുകൾ, ഷെഡ്യൂൾഡ് സ്വകാര്യ ബാങ്കുകൾ ഉൾപ്പടെ ഇടപാടുക്കാരിൽ നിന്നും 2018 ന് ശേഷം വിവിധ ഇനങ്ങളിൽ ഈടാക്കിയ സർവ്വീസ് ചാർജ്ജ് 35,587.68 കോടി രൂപയാണെന്ന ഞെട്ടിക്കുന്ന വാർത്തകളാണ് വരുന്നത്. മിനിമം ബാലൻസ് നില നിർത്താൻ സാധിക്കാതെ വന്നാൽ അനുവദിച്ചതിലും കൂടുതൽ തവണ എ.ടി.എം. ഇടപാടുകൾ നടത്തിയാലും ഈടാക്കുന്ന ചാർജ്ജുകൾ ഇതിൽ ഉൾപ്പെടുന്നില്ല. വൻകിടക്കാരുടെ കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക എഴുതി തള്ളുമ്പോഴാണ് സാധാരണക്കാരുൾപ്പടെയുള്ള കസ്റ്റമേഴ്സുക്കാരുടെ മേൽ ഭീമമായ മേൽ പറഞ്ഞ ഇനത്തിലുള്ള ചാർജ്ജുകൾ ഈടാക്കുന്നത്.

റിസർവ്വ് ബാങ്ക് ഉത്തരവ് 2024 ജനുവരി മുതൽ പ്രാബല്യത്തിൽ വരുന്ന മാറ്റങ്ങൾ പൂർണ്ണമായും നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും വിവിധ ഇനങ്ങളിൽ ആയി ഈടാക്കുന്ന സർവ്വീസ് ചാർജ്ജുകൾ ഒഴിവാക്കുകയോ ഇതിനുമേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയോ ചെയ്തുകൊണ്ടുള്ള ഉത്തരവ് കൂടി റിസർവ്വ് ബാങ്കിന്റെ ഭാഗത്ത് നിന്നുണ്ടാകണം.

**പി.ജെ. ജോസ്**
**ജനറൽ സെക്രട്ടറി**

# ചോദ്യോത്തര പംക്തി

# 2017-18 ന്റെ ജി.എസ്.റ്റി. റിട്ടേണിലെ തെറ്റ് തിരുത്താൻ എന്താണ് വഴി ?

**ചോദ്യം:** 2017-18 സാമ്പത്തിക വർഷത്തിലെ ജി.എസ്.റ്റി. റിട്ടേൺ ഫയൽ ചെയ്തപ്പോൾ ഒരു ഇൻവാർഡ് സപ്ലൈയിന്മേൽ ഐ.ജി.എസ്.റ്റി അടച്ചതായി രേഖപ്പെടുത്തി ഐ.ജിഎസ്.റ്റി ഇനത്തിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കന്നതിനു പകരം അബദ്ധത്തിൽ സി.ജിഎസ്.റ്റി/എസ്.ജി.എസ്.റ്റി. അടച്ചതായി രേഖപ്പെടുത്തി സി.ജിഎസ്.റ്റി ഇനത്തിലും എസ്..ജിഎസ്.റ്റി ഇനത്തിലും പകുതി വീതം തുക ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തു പോയി. 2017-18 നെ സംബന്ധിച്ച് ഫയൽ ചെയ്യേണ്ട വാർഷിക റിട്ടേണിലും 2018 സെപ്റ്റംബർ മാസത്തെ സംബന്ധിച്ച് ഫയൽ ചെയ്യേണ്ട വാർഷിക റിട്ടേണിലും 2018 സെപ്റ്റംബർ മാസത്തെ സംബന്ധിച്ച് ഫയൽ ചെയ്യേണ്ട ജിഎസ്.റ്റി. ആർ. 3 ബി റിട്ടേണിലും ഈ തെറ്റ് തിരുത്താൻ എനിക്ക് സാധിച്ചില്ല. ഇപ്പോൾ 2023ൽ എനിക്ക് ജി.എസ്.റ്റി. ഡിപ്പാർട്ട്മെന്റിൽ നിന്നും നോട്ടീസ് വന്നിരിക്കുകയാണ്. സി.ജിഎസ്.റ്റി/എസ്.ജി.എസ്.റ്റി. ഇനത്തിൽ അനധികൃതമായി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തുകയും പിഴയും പലിശയും സഹിതം 2 ലക്ഷത്തോളം രൂപ സർക്കാരിലേക്ക് അടയ്ക്കണം എന്ന് നിർദ്ദേശിച്ചു കൊണ്ട് ആ വർഷത്തെ പ്രസ്തുത ഇടപാടിനെ സംബന്ധിച്ച ഐ.ജി.എസ്.റ്റി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എന്റെ ജി.എസ്.റ്റി. ആർ. 2 എ. യിൽ കിടക്കുന്നുണ്ട്. അതിന്റെ സ്ഥാനത്താണ് സി.ജി.എസ്.റ്റി. ഇനത്തിലും എസ്.ജി.എസ്.റ്റി. ഇനത്തിലും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്ത് പോയത് എന്ന് ബോധിപ്പിച്ചാൽ സർക്കാരിന് നഷ്ടം വന്നിട്ടില്ല എന്ന്. ജി.എസ്.റ്റി. ഉദ്യോഗസ്ഥർ അംഗീകരിച്ച് നോട്ടീസ് പിൻവലിച്ച് നടപടികൾ അവസാനിപ്പിക്കുമോ? അതല്ലെങ്കിൽ വെറെ എന്തു മാർഗ്ഗമാണ് എനിക്ക് സ്വീകരിക്കാവുന്നത്? ഞാൻ 30 ലക്ഷം രൂപയിൽ താഴെ മാത്രം വാർഷിക ടേണോവർ ഉള്ള ഒരു ചെറുകിട കച്ചവടക്കാരനാണ്.

**– അശോകൻ, ഇടുക്കി**

**ഉത്തരം:**



ഐ.ജി.എസ്.റ്റി.യ്ക്ക് കീഴിൽ രേഖപ്പെടുത്തേണ്ട തുകകൾ സി.ജി.എസ്.റ്റി.യ്ക്കും എസ്.ജി.എസ്.റ്റി.യ്ക്കും കീഴിൽ രേഖപ്പെടുത്തി തെറ്റായ ഹെഡ്ഡിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തത് നിയമപരമായി താങ്കൾ ചെയ്ത ഒരു തെറ്റു തന്നെയാണ്. അത് തിരുത്താൻ 2017-18 ലെ വാർഷിക റിട്ടേണോ 2018 സെപ്റ്റംബർ മാസത്തിലെ ജി.എസ്.റ്റി. ആർ. 3 ബിയോ സമർപ്പിക്കുന്നതു വരെ താങ്കൾക്ക് അവസരം ലഭ്യമായിരുന്നു. ആ അവസരം ഉപയോഗിക്കാത്തതിനാൽ തെറ്റായ ഹെഡ്ഡിൽ ക്രെഡിറ്റ് എടുത്തു എന്ന തെറ്റ് തിരുത്താനുള്ള താങ്കളുടെ അവകാശം എന്നെന്നേക്കുമായി നഷ്ടപ്പെട്ടു എന്നാണ് നിയമവശം. തെറ്റായ ഹെഡ്ഡിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തതിന്റെ ശിക്ഷയായി തെറ്റായി എടുത്ത സി.ജി.എസ്.റ്റി/എസ്.ജി.എസ്.റ്റി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തുകകൾ പലിശയും പിഴയും സഹിതം സർക്കാരിലേക്ക് അടയ്ക്കാൻ പറഞ്ഞു കൊണ്ടുള്ള ഡിപ്പാർട്ട്മെന്റ് നോട്ടീസ് നിയമപരമായി നോക്കിയാൽ തികച്ചും ശരിയാണ്. ആ വർഷത്തിൽ ഐ.ജി.എസ്.റ്റി ഇനത്തിൽ താങ്കൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് അർഹതയുണ്ടായിരുന്നുവെങ്കിൽപ്പോലും ആ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നിശ്ചിത സമയത്തിനുള്ളിൽ എടുക്കാതിരുന്നതു കൊണ്ട് ആ ഐ.ജി.എസ്.റ്റി. തുകയുടെ പേരിലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റും താങ്കൾക്ക് എന്നെന്നേക്കുമായി നഷ്ടപ്പെട്ടതാണ്. ഈ 2 കാര്യങ്ങളും നിയമപരമായി താങ്കൾക്ക് എതിരായ സത്യങ്ങളാണ്.

കൂടാതെ ഐ.ജി.എസ്.റ്റി. ഇനത്തിൽ താങ്കൾക്ക് ലഭിക്കേണ്ടതായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് താങ്കൾ രേഖപ്പെടുത്താതെ പോയതിനാൽ ശേഖരിക്കപ്പെട്ട ഐ.ജി.എസ്.റ്റി. തുകകളുടെ അന്തിമ വിഭജനത്തിൽ കേരളത്തിന് ലഭിക്കേണ്ടതായ വിഹിതത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. അതിനാൽ കേരള സംസ്ഥാനത്തിന് നികുതി നഷ്ടം വന്നിട്ടുണ്ട്. നികുതി നഷ്ടം വന്നിട്ടില്ല എന്ന താങ്കളുടെ വാദം ശരിയല്ല. ഐ.ജി.എസ്.റ്റി. ഇനത്തിലെ ഇൻപുട്ട് ടാക്സ് സംബന്ധിച്ച വിവരങ്ങൾ കേരളത്തിലെ നികുതിദായകൻ അവരുടെ റിട്ടേണിൽ രേഖപ്പെടുത്താതെ പോകുന്നതുകൊണ്ട് കേരളത്തിന് വലിയ നികുതി നഷ്ടം വരുന്നതായി കേരള സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇതിനാൽ, നികുതിദായകർ ഐ.ജി.എസ്.റ്റി. ഇൻപുട്ട് ടാക്സ് തുകകൾ കൃത്യമായി റിട്ടേണിൽ രേഖപ്പെടുത്തണമെന്ന് കേരള സർക്കാർ നികുതി ദായകർക്കിടയിൽ വ്യാപകമായി ബോധവൽക്കരണം നടത്തുന്നുമുണ്ട്. ഇതും താങ്കൾക്ക് എതിരെയുള്ള ഒരു വസ്തുതയാണ്. പക്ഷേ നിയമതലം വിട്ട് പ്രായോഗിക തലത്തിൽ നോക്കുമ്പോൾ 2017-18 സാമ്പത്തിക വർഷം ജി.എസ്.റ്റി. നിയമത്തിന്റെ ആദ്യ വർഷമായതിനാൽ ഇന്ത്യയിലെമ്പാടുമുള്ള നികുതി ദായകരുടെ ഭാഗത്തുനിന്നും താങ്കളുടേതിന് സമാനമായ ഇത്തരത്തിൽ നിരവധി സാങ്കേതിക പ്രശ്നങ്ങൾ ആ വർഷത്തിൽ വ്യാപകമായി ഉണ്ടായിട്ടുണ്ട്.

ഒരു അഭിഭാഷകൻ എന്ന നിലയിൽ ജി.എസ്.റ്റി, നിയമങ്ങളെ വിലയിരുത്തുമ്പോൾ ജി.എസ്.റ്റി റിട്ടേണിലും മറ്റു നടപടി ക്രമങ്ങളിലും തെറ്റു പറ്റിയത് തിരുത്താൻ, പ്രത്യേകിച്ചും 2017-18, 2018-19, എന്നീ ആദ്യവർഷങ്ങളിൽ, പുതിയ നിയമങ്ങളോടുള്ള ജനത്തിന്റെ പരിചയക്കുറവും, ജി.എസ്.റ്റി. യുടെ ഔദ്യോഗിക വെബ്സൈറ്റായ ജി.എസ്.റ്റി നെറ്റ്‌വർക്ക് പൂർണ്ണമായി പ്രവർത്തന സജ്ജം പോലും അല്ലാതിരുന്ന അവസ്ഥയും കണക്കിലെടുത്ത്, ആ വർഷങ്ങളിൽ നികുതിദായകരുടെ ഭാഗത്തുനിന്നും വന്നുപോയിട്ടുള്ള മനപ്പൂർവ്വമല്ലാത്ത തെറ്റുകൾ പൊറുത്തു കൊടുക്കുകയോ അവയുടെ പേരിൽ വൻ ബാദ്ധ്യതകൾ ചുമത്തുന്നതെങ്കിലും ഒഴിവാക്കുകയോ സർക്കാർ ചെയ്യണം എന്നാണ്, ലേഖകന്റെ അഭിപ്രായം. പക്ഷേ നിലവിൽ അതിനുള്ള വകുപ്പുകൾ ജി.എസ്.റ്റി. നയമത്തിൽ ഇല്ല എന്നതാണ് വാസ്തവം. ആകെയുള്ള ഒരു പഴുതും പ്രതീക്ഷയും, സമീപ ഭാവിയിൽ സർക്കാർ ജി.എസ്.റ്റി. യുടെ ആദ്യവർഷങ്ങളിലെ ചെറിയ തെറ്റുകൾ പൊറുത്തു നൽകി ചെറിയ തുകയടച്ച് പ്രശ്നങ്ങൾ തീർക്കുവാനുള്ള ഒരു ആംനസ്റ്റി സ്കീം കൊണ്ടു വന്നേക്കാം എന്നതാണ്. ഈ സാഹചര്യത്തിൽ, ഒരു അഭിഭാഷകന്റെ കണ്ണിലൂടെ നോക്കുമ്പോൾ ലഭ്യമായ ചില പോം വഴികൾ ഇവിടെ വിവരിക്കാം.

ഏറ്റവും എളുപ്പമുള്ളതും സുവ്യക്തമായതും ആയ വഴി ജി.എസ്.റ്റി. ഡിപ്പാർട്ട്മെന്റിന്റെ നോട്ടീസിൽ പറയുന്ന തുക അടച്ച് കാര്യങ്ങൾ അവസാനിപ്പിക്കുക എന്നതാണ്. പക്ഷേ ഒരു ചെറിയ ബിസിനസ്സുകാരനെ സംബന്ധിച്ചിടത്തോളം അത് സാമ്പത്തികപരമായി വളരെ ബുദ്ധിമുട്ടുള്ള വഴിയായിരിക്കും. ഒരു പക്ഷേ അൽപ്പ നാളുകൾക്ക് ശേഷം ഇത്തരം കേസുകളിൽ സർക്കാർ എന്തെങ്കിലും ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചാൽ ആദ്യംതന്നെ നോട്ടീസ് അനുസരിച്ചുള്ള മുഴുവൻ തുകയും അടച്ച ബിസിനസ്സുക്കാരന് അത് നഷ്ടമായിരിക്കും. ഇതിനാൽ, നിയമത്തിനും മുകളിൽ നീതീയെ മുൻനിർത്തി ഒരു നികുതി ദായകന് ചെയ്യാവുന്ന ചില കാര്യങ്ങൾ ഇവിടെ പറയുകയാണ്.

1. പണം അടയ്ക്കുന്നത് തൽക്കാലം നീട്ടി വെക്കുക, ശ്രദ്ധിക്കുക, പണം അടയ്ക്കുന്നത് നീട്ടി വെച്ചാൽ, നീട്ടി വെയ്ക്കുന്ന ഓരോ ദിവസത്തിനും പലിശ കണക്കുകൂട്ടപ്പെടുന്നതാണ്. നികുതി ദായകന് അനുകൂലമായ ഒരു നിയമ നിർമ്മാണമോ തീരുമാനമോ ആംനസ്റ്റ് സ്കീമോ സർക്കാരിന്റെയോ കോടതിയുടെയോ ഭാഗത്തുനിന്നും ഉണ്ടായാൽ അതിന്റെ പ്രയോജനം അനുഭവിക്കാൻ എന്ന പ്രതീക്ഷയിൽ മാത്രമാണ് പണമടയ്ക്കൽ നീട്ടി വെക്കാൻ ഇവിടെ അഭിപ്രായപ്പെടുന്നത്.

2. റിട്ടേണിൽ തിരുത്തൽ വരുത്താനുള്ള നയമപരിധി സമയപരിധി കഴിഞ്ഞു പോയെങ്കിലും ജി.എസ്.റ്റി. യെക്കുറിച്ച് ആദ്യ വർഷങ്ങളിൽ ഉണ്ടായിരുന്ന പരിചയക്കുറവ്. ജി.എസ്.റ്റി. നെറ്റ് വർക്കിൽ ആദ്യ വർഷങ്ങളിൽ ഉണ്ടായിരുന്ന സാങ്കേതിക പ്രശ്നങ്ങൾ, മനപ്പൂർവ്വമല്ലാതെ വന്ന തെറ്റാണ് എന്ന വസ്തുത. കേരള സർക്കാരിനെ മാത്രം കണക്കിലെടുക്കുമ്പോൾ ഈ ചെറ്റു മൂലം ഐ.ജി.എസ്.റ്റി. വിഹിതത്തിൽ കുറവ് സംഭവിച്ചു പോയിട്ടുണ്ടെങ്കിലും, കേരള സർക്കാരിനെയും കേന്ദ്ര സർക്കാരിനെയും ഒന്നിച്ച് കണക്കിലെടുക്കുമ്പോൾ ഈ തെറ്റു മൂലം സർക്കാരിന് ആകെത്തുകയായി നികുതി നഷ്ടമൊന്നും വന്നിട്ടില്ല എന്ന കാര്യം.നികുതിയ്ക്കു മേൽ നികുതി ഈടാക്കുന്ന അവസ്ഥ ഉണ്ടാകുന്നത് ജി.എസ്.റ്റി. നിയമത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾക്ക് എതിരാണ് എന്ന കാര്യം, എന്നിവ കണക്കിലെടുത്ത് റിട്ടേണിൽ തിരുത്തൽ വരുത്തുവാൻ ഒരു അവസരം കൂടി നൽകണം എന്ന് അപേക്ഷ കൊടുക്കുക. ജി.എസ്.റ്റി. നെറ്റ്‌വർക്കിന്റെ ഓഫീസിലേക്കും, സംസ്ഥാനത്തെ സി.ജി.എസ്.റ്റി. കമ്മീഷണർക്കും എസ്.ജി.എസ്.റ്റി.കമ്മീഷണർക്കും, ബന്ധപ്പെട്ട പ്രോപ്പർ ഓഫീസർക്കും, ജി.എസ്.റ്റി. കൗൺസിലിനും ഇപ്രകാരമുള്ള അപേക്ഷ നൽകുക. ഇത്തരമൊരു തിരുത്തൽ അപേക്ഷ നൽകാനുണ്ടായ കാലതാമസം മനപ്പൂർവ്വമല്ല എന്നും, അപേക്ഷയിൽ പ്രാധാന്യത്തോടെ പറയുക.

3. അപേക്ഷയുടെ മറുപടിയ്ക്കായി കുറച്ചു ദിവസം കാത്തിരുന്നതിനു ശേഷം മറുപടി ലഭിക്കാത്ത പക്ഷം ബന്ധപ്പെട്ടവർക്ക് ഓർമ്മ പുതുക്കലിനായി ഒരു റിമൈൻഡർ ലെറ്റർ അയച്ചു നൽകുക.

4. മറുപടിയൊന്നും കിട്ടാത്ത പക്ഷം എല്ലാ കാര്യങ്ങളും രേഖപ്പെടുത്തിയ ഒരു ഹർജി ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിക്കുക.

ഇത്തരം പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ അനുകൂലമായ കോടതി വിധികൾ നിലവിലുണ്ട്. ഇതിനാൽ ബഹു. ഹൈക്കോടതി നീതിയെക്കരുതി താങ്കൾക്ക് അനുകൂലമായ ഒരു വിധി പുറപ്പെടുവിച്ച് റിട്ടേണിൽ തിരുത്തൽ വരുത്താൻ അനുവദിക്കാൻ നിർദ്ദേശം പുറപ്പെടുവിക്കാൻ ഒരു സാധ്യതയുണ്ട്. ഹൈക്കോടതിയുടെ തീരുമാനം എന്തുതന്നെയായാലും അത് ഏതാനും മാസങ്ങൾക്കുള്ളിൽ പുറപ്പെടുവിക്കപ്പെട്ടേക്കാം. ഹൈക്കോടതിയുടെ തീരുമാനം അനുകൂലമല്ലെങ്കിൽ അപ്പോൾ മറ്റു നടപടികൾ കൈക്കൊള്ളുന്ന കാര്യം ആലോചിക്കാം. നീതിയ്ക്കായി സമിപിക്കാവുന്ന ഒരു വാതിലും നാം വിട്ടു കളയരുത്.

5. ഇപ്രകാരം അപേക്ഷയോ ഹർജിയോ നൽകി കാത്തിരിക്കുന്നതിനിടയിൽ താങ്കൾക്ക് വന്ന നോട്ടീസ് ജി.എസ്.റ്റി. ഡിപ്പാർട്ട്മെന്റ് സ്ഥിരീകരിച്ച് ഉത്തരവാക്കി മാറ്റിയാൽ, ആ ഉത്തരവിനെതിരെ മൂന്നു മാസങ്ങൾക്കുള്ളിൽ മുറ പ്രകാരമുള്ള ഫസ്റ്റ് അപ്പീൽ ഫയൽ ചെയ്തു നോക്കുക. തർക്കത്തിൽ ഇരിക്കുന്ന നികുതിയുടെ 10% ഫസ്റ്റ് അപ്പീലിൽ അടയ്ക്കേണ്ടതുണ്ട്. എങ്കിലും ഹൈക്കോടതി കാര്യങ്ങൾ തീർപ്പാക്കുന്നതുവരെ ഒരു സാവകാശം ഈ അപ്പീൽ നടപടിയ്ക്കിടയിൽ ലഭിക്കുന്നതാണ്.

6. ഉദ്യോഗസ്ഥർ മുമ്പാകെ താങ്കൾ സമർപ്പിച്ച അപേക്ഷയോഹൈക്കോടതിമുമ്പാകെതാങ്കൾ സമർപ്പിച്ച ഹർജിയോ പരിഗണനയിലിരിക്കുന്ന സമയത്ത്, സാങ്കേതിക പ്രശ്നങ്ങൾ മൂലം സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെയും മുമ്പിൽ കെട്ടിക്കിടക്കുന്ന താങ്കളുടേതിനു സമാനമായ കേസുകളിൽ ജി.എസ്.റ്റി. കൗൺസിലിന്റെ അംഗീകാരത്തോടെ സർക്കാർ എന്തെങ്കിലും ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചാൽ താങ്കൾക്കും അതിന്റെ പ്രയോജനം ലഭിക്കാം.

ജി.എസ്.റ്റി. നിയമത്തെക്കുറിച്ചുള്ള പരിചയക്കുറവ് മൂലവും, ജി.എസ്.റ്റി. നെറ്റ്‌വർക്കിന്റെ അപര്യാപ്തത മൂലവും മനപ്പൂർവ്വമല്ലാത്ത മറ്റു കാരണങ്ങൾ മൂലവും റിട്ടേണിൽ സാങ്കേതികത്തെറ്റുകൾ വന്നുപോയ താങ്കളെപ്പോലെയുള്ള നികുതിദായകർക്ക് ആശ്വാസം നൽകുന്ന നിയമ നിർമ്മാണമോ തീരുമാനമോ ആംനസ്റ്റി പദ്ധതിയോ സർക്കാരിന്റെയോ കോടതികളുടെയോ ഭാഗത്തുനിന്നും ഉടനെ തന്നെ ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു, പ്രതീക്ഷിക്കുന്നു. ■

**അഡ്വ. കെ.എസ്.ഹരിഹരൻ**
**ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ ✆ 9846227555, 7902443188, 7907000401**

GOODS AND SERVICES TAX

# വായ്പ എടുക്കുമ്പോൾ സംരംഭകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ



ടി.എസ്. ചന്ദ്രൻ

സംരംഭം തുടങ്ങാൻ പല രീതിയിലും പണം സംഘടിപ്പിക്കാം. സ്വന്തം സമ്പാദ്യം, പങ്കാളിയുടെ ഷെയർ, പൊതുജനങ്ങളിൽ നിന്നും ഉള്ള ഷെയർ, സ്നേഹിതരുടെയും കുടുംബാംഗങ്ങളുടെയും സമ്പാദ്യം, ഇവയ്ക്ക് പുറമേ ബാങ്ക് വായ്പയാണ് പ്രധാനമായും സംരംഭകർ ആശ്രയിച്ചു വരുന്നത്. ബാങ്ക് വായ്പകൾ ബാദ്ധ്യതയാകാതിരിക്കാൻ ഏതാനും കാര്യങ്ങൾ മുൻക്കൂട്ടി പഠിച്ചു വയ്ക്കുന്നത് നല്ലതാണ്.

## 1. വായ്പ അത്യാവശ്യത്തിന് മാത്രം എടുക്കുക

വായ്പ ആവശ്യത്തിന് മാത്രം എന്നുള്ളതല്ല അത്യാവശ്യത്തിന് മാത്രം എന്നുള്ളതാണ്. വായ്പയ്ക്ക് കൊടുക്കേണ്ടി വരുന്ന പലിശ, എടുക്കുന്നതിന് വേണ്ടി വരുന്ന ചിലവ് കൊലാറ്ററൽ എന്നിവ പരിഗണി ക്കുമ്പോൾ സ്വന്തം സമ്പാദ്യം/കുടുംബ സമ്പാദ്യം പര മാവധി ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നതാണ് ഉത്തമം. ബാങ്കുകളിൽ നിന്നും ലഭിക്കുന്ന സ്ഥിര നിക്ഷേപ പലിശ 7 ശതമാനം താഴെയാണ് എന്നു കൂടി ഓർക്കുക (ഒരു വർഷം).

## 2. കൊലാറ്ററൽ ഫ്രീ വായ്പ നല്ലതാണോ?

10 ലക്ഷം രൂപ വരെയുള്ള സംരംഭം വായ്പകൾ മറ്റ് കൊലാറ്ററൽ സെക്യൂരിറ്റികൾ വാങ്ങാതെ മാത്രമേ നൽകാവൂ എന്നാണ് ബാങ്കുകൾക്ക് നൽകിയിട്ടുള്ള നിർദ്ദേശം. എന്നാൽ 5 കോടി രൂപ വരെ ഇങ്ങനെ അനുവദിക്കാൻ ബാങ്കുകൾക്ക് അധികാരമുണ്ട്. ഇങ്ങനെ വായ്പ എടുക്കുമ്പോൾ സംരംഭകർ ഒരു ഫീസ് അധികമായി നൽകേണ്ടി വരും. ഏകദേശം 0.35% മുതൽ 1.35 വരെ തുക ഗ്യാരണ്ടി ഫീസ് നൽകണം. കൂടാതെ വർഷം തോറും ഇത് നൽകണം. ഓരോ വർഷവും ബാക്കി നിൽക്കുന്ന തുകയ്ക്ക് ഇത് നൽകുകയും വേണം. 2022 മാർച്ച് മുതൽ ഗ്യാരണ്ടി ഫീസിൽ വലിയ കുറവ് വരുത്തിയിട്ടുണ്ട്. ഇതൊരു അധിക ബാദ്ധ്യതയാണ്. ക്രെഡിറ്റ് ഗ്യാരണ്ടി ട്രസ്റ്റ് ഫണ്ടിന്റെ സേവനം ഉപയോഗപ്പെടുത്തുന്നതിനാണ് ഇങ്ങനെ നൽകേണ്ടി വരുന്നത്. തന്റെ സംരംഭത്തിന് ഗുണകരമാണോ എന്ന് ചിന്തിച്ചു മാത്രമേ ഗ്യാരണ്ടി നൽകാതെയുള്ള വായ്പകൾ എടുക്കാവൂ.

## 3. സബ്സിഡി വായ്പകൾക്ക് മുൻഗണന നൽകണം.

വായ്പയ്ക്ക് വേണ്ടിയുള്ള പരക്കം പാച്ചലിൽ സർക്കാർ സബ്സിഡിയ്ക്ക് വേണ്ടത്ര പരിഗണന പലപ്പോഴും നൽകാറില്ല. അജ്ഞതയും ഒരു കാരണമാകാറുണ്ട്. തുടക്കത്തിലെ ലഭിക്കുന്ന സബ്സിഡിയും പിന്നീട് ലഭിക്കാവുന്ന സബ്സിഡിയും ഉണ്ട്. തുടക്കത്തിലെ ആറുമാസത്തെ വായ്പ സബ്സിഡി മൂലം നടക്കുമെങ്കിൽ അത് സംരംഭകർക്ക് വലിയ ആശ്വാസമായിരിക്കും.

## 4. പലിശ തട്ടിച്ചു നോക്കണം

ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ എങ്ങനെ വായ്പ സംഘടിപ്പിക്കാം എന്ന ചിന്തയോടെ വേണം വായ്പയ്ക്കായി സമീപിക്കാൻ. പലിശ നിരക്കുകൾ പല സ്ഥാപനങ്ങളിലും വ്യത്യാസമുണ്ട്. 10 ലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് ദേശ സാൽകൃത ബാങ്കുകൾ ഈടാക്കി വരുന്നത് ഏകദേശം 10.5% പലിശയാണ്. എന്നാൽ ഷെഡ്യൂൾഡ് ബാങ്കുകളുടെ 11. 5 % നു മുകളിൽ വരുന്നുണ്ട്. കുറഞ്ഞ പലിശയ്ക്ക് വിവിധ ക്ഷേമ കോർപ്പറേഷനുകൾ സംരംഭ വായ്പകൾ നൽകി വരുന്നുണ്ട്. കൃത്യമായ താരതമ്യ പഠനം നടത്തി വേണം വായ്പ എടുക്കുവാൻ. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ഇപ്പോൾ 5 ശതമാനം പലിശയ്ക്ക് 2 കോടി രൂപ വരെ സംരംഭ വായ്പകൾ അനുവദിക്കുന്നുണ്ട്.




## 5. ആറുമാസത്തിനുള്ളിൽ തുടങ്ങണം.

വായ്പ എടുക്കുന്ന സമയവും സംരംഭം ആരംഭിക്കുന്ന സമയവും തമ്മിലുള്ള ദൈർഘ്യം ആറുമാസത്തിൽ അധികരിക്കാതെ ശ്രദ്ധിക്കണം. 50 ലക്ഷം രൂപ വരെയുള്ള പദ്ധതികളുടെ കാര്യത്തിൽ ഇക്കാര്യം കൃത്യമായി ഉറപ്പു വരുത്തണം. ഇതിനായി നിർവ്വഹണ കലണ്ടർ മുൻക്കൂട്ടി തയ്യാറാക്കണം. പുതു സംരംഭകർ ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

## 6. കെട്ടിട നിർമ്മാണത്തിന് വായ്പ പരമാവധി ഒഴിവാക്കണം

കെട്ടിടം നിർമ്മിക്കാൻ വായ്പ കൈപ്പറ്റി നിർമ്മാണം കുറെ നീണ്ടു പോയാൽ തുടക്കത്തിലെ പ്രതിസന്ധിയിലാകും. സ്വന്തം നിലയിൽ കെട്ടിടം നിർമ്മിക്കുകയും തദ്ദേശ സ്ഥാപനത്തിന്റെ നമ്പർ സമ്പാദിക്കുകയും ചെയ്തതിനു ശേഷം മെഷിനറി, ഉപകരണങ്ങൾ, പ്രവർത്തന മൂലധനം എന്നിവയ്ക്ക് പരമാവധി വായ്പ എടുക്കുന്നതായിരിക്കും സംരംഭത്തിന് നല്ലത്.

## 7. ആവശ്യത്തിനു തന്നെ ഉപയോഗിക്കണം.

കൃത്യമായ ആവശ്യം പറഞ്ഞു വേണം വായ്പയ്ക്ക് അപേക്ഷിക്കുവാൻ. കെട്ടിടം, മെഷിനറി, ഉപകരണങ്ങൾ, പ്രവർത്തന മൂലധനം അങ്ങനെയുള്ള എന്താവശ്യ ത്തിനും വായ്പ ലഭിക്കും. ഏത് ആവശ്യത്തിനാണോ വായ്പ അനുവദിച്ചത് പ്രസ്തുത ആവശ്യത്തിന് തന്നെ അത് ഉപയോഗിക്കുവാൻ ശ്രദ്ധിക്കണം. വ്യക്തിപരമായ ബാദ്ധ്യതകൾ തീർക്കാൻ സംരംഭ വായ്പകൾ ഉപയോഗിക്കരുത്.

## 8. അക്കൗണ്ട് ഉള്ള ബാങ്കിനെ സമീപിക്കണം

പൊതുവേ സംരംഭകർക്കുള്ള സംശയമാണ് വായ്പയ്ക്ക് ഏത് ബാങ്കിനെയാണ് കാണേണ്ടത്?

ബാങ്കുകളുടെ സർവ്വീസ് ഏരിയക്ക് ഇപ്പോൾ പ്രസക്തിയില്ല. അക്കൗണ്ട് ഉണ്ടെങ്കിൽ പ്രമാണങ്ങളും മറ്റും ഏതു ബാങ്കിലാണോ പ്രസ്തുത ബാങ്കിനേയോ, കൂടുതൽ ഇടപാടുകൾ ഉള്ള ബാങ്കിനെയോ സമീ പിക്കണം. ബാങ്കുമായി നിരന്തരമായ ബന്ധം ഉണ്ടാക്കിയെടുക്കുന്നത് കൂടുതൽ ബാങ്കിങ്ങ് സൗകര്യങ്ങൾ ലഭ്യമാക്കാൻ സഹായിക്കും.

## 9. ഇ.എം.ഐ. സിസ്റ്റം നല്ലതാണ്

സംരംഭം വായ്പകൾ ഇപ്പോൾ ഇ.എം.ഐ. സമ്പ്രദായത്തിലാണ് മിക്കവാറും നൽകി വരുന്നത്. ഇത് സംരംഭകർക്ക് ഏറെ ഗുണകരമാണ്. ആദ്യ വർഷങ്ങളിൽ സ്ഥാപനത്തിന്റെ വിറ്റു വരവ് കുറവായിരിക്കും എന്നതിനാൽ ഡിമിനിഷിങ്ങ് ഇന്ററസ്റ്റ് എന്ന രീതിയിൽ വായ്പ എടുത്താൽ തിരിച്ചടവ് പ്രശ്നമാണ്. തുടക്കം മുതലേ വായ്പ കണക്ക് എൻ.പി.എ. ആവാൻ സാദ്ധ്യതയുണ്ട്. മാത്രമല്ല പ്രതിമാസം അടയ്ക്കേണ്ടി വരുന്ന തുക എത്രയെന്ന് മുൻക്കൂട്ടി കൃത്യമായി അറിയുക വഴി നന്നായി ഈ കാര്യം പ്ലാൻ ചെയ്യാൻ കഴിയും.

## 10. കൃത്യമായി തിരിച്ചടയ്ക്കണം.

വായ്പ എടുക്കുന്നത് ഇഷ്ടമാണ് തിരിച്ചടയ്ക്കുന്നത് തീരെ ഇഷ്ടമല്ല. ഈ സമീപനമാണ് മാറേണ്ടത്. കൃത്യമായി തിരിച്ചടക്കാൻ ശ്രദ്ധിക്കണം. മൂന്നുമാസം തിരിച്ചടവ് മുടങ്ങിയാൽ പോലും കണക്ക് എൻ.പി.എ.ആയി മാറുന്നു. സിബിൽ സ്കോർ താഴാൻ കാരണമാകുന്നു. അങ്ങനെ വന്നാൽ ധനകാര്യ സ്ഥാപ നത്തിൽ നിന്നും പിന്നീട് വായ്പ ലഭിക്കുകയില്ല. തിരിച്ചടവിനുള്ള തുക കുറവാണെങ്കിലും അതതു മാസം ബാങ്കുമായി ബന്ധപ്പെട്ട് ഉള്ള തുക അടയ്ക്കാൻ ശ്രമിച്ചാൽ സംരംഭകരുടെ സ്കോർ ഉയരും.

കരുതലോടെ വായ്പ എടുത്ത് പ്രസ്തുത ആവശ്യത്തിന് തന്നെ സമയബന്ധിതമായി ഉപയോഗിച്ച്, ധനകാര്യ സ്ഥാപനവുമായി നല്ല ബന്ധം ഉണ്ടാക്കിയെടുത്ത്, കൃത്യമായി തിരിച്ചടവ് മുന്നോട്ടു പോകുവാനാണ് സംരംഭകർ ശ്രദ്ധിക്കേണ്ടത്. ■

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**

KSSIA NEWS



KSSIA NEWS
(Vyavasayam)
Monthly Magazine
Advtertisement Tariff

| | | |
|---|---|---|
| Front Page Bottom (Colour) | - | 12,000 + G S T |
| Full Back page (Colour) | - | 15,000 + G S T |
| Full Back page inside (Colour) | - | 10,000 + G S T |
| Full Front Page inside (Colour) | - | 10,000 + G S T |
| Full page inside (Colour) | - | 9,000 + G S T |
| Half page inside (Colour) | - | 5,000 + G S T |
| Quarter page inside (Colour) | - | 3,000 + G S T |

Journal Size Demy 1/4
Number of pages – 24
**Discount**
For 12 months insertion 15%
For 6 months insertion 10%

KSSIA NEWS
OCTOBER 2023

# കെ.എസ്.എസ്.ഐ.എ. 62-ാമത് ആനുവൽ ജനറൽ ബോഡി യോഗവും മുഖാമുഖം പരിപാടിയും സംഘടിപ്പിച്ചു

കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷന്റെ 06.10.2023 ൽ കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റി ഓഫീസ്സ്, കളമശ്ശേരിയിൽ വെച്ച് രാവിലെ 10.30 ന് സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീന്റെ അദ്ധ്യക്ഷതയിൽ വെച്ച് നടക്കുന്ന 62-ാമത് വാർഷിക പൊതു യോഗ ഉദ്ഘാടനവും, മുഖാമുഖം പരിപാടിയും സംഘടിപ്പിച്ചു. സംസ്ഥാന സെക്രട്ടറി പി.ജെ.ജോസ് എല്ലാവരേയും സ്വാഗതം ചെയ്തു. ബഹു. വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻ കുട്ടിയ്ക്ക് ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ചില്ല എങ്കിൽ കൂടിയും അങ്ങയുടെ നിർദ്ദേശ പ്രകാരം അങ്ങയുടെ വകുപ്പിൽ നിന്നുള്ള ഡിസ്ട്രീബ്യൂഷൻ ഡയറക്ടർ പി. സുരേന്ദ്ര, ചീഫ് ഇലക്ട്രീക്ക് ഇൻസ്പെക്റ്റർ വിനോദ്, ചീഫ് എഞ്ചിനിയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ, സംസ്ഥാന തലത്തിൽ നിന്നും എറണാകുളം ജില്ലയിൽ നിന്നുമുള്ള ഇലക്ട്രീക്കൽ ഇൻസെപക്റ്റേറേറ്റ് ഉദ്യോഗസ്ഥർ, വൈദ്യുതി വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ്സെക്രട്ടറി ആന്റ് അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ ഉണ്ണികൃഷ്ണൻ, തുടങ്ങി ഒരു ഡസനോളം പ്രഗല്ഭരായ ഉദ്യോഗസ്ഥർ പ്രസ്തുത മീറ്റിങ്ങിൽ പങ്കെടുക്കുകയും കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള 14 ജില്ലകളിലെ ചെറുകിട വ്യവസായികളുമായി വിശദമായി ചർച്ചകൾ നടത്തുകയും കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കി അവരുടെ പരാതികൾക്കുള്ള പരിഹാരം കാണാമെന്ന് ഉറപ്പ് നല്കുകയും ചെയ്തു. കൂടാതെ പരാതിപരിഹാരത്തിനായി എത്രയും പെട്ടെന്ന് മന്ത്രിയുടെ ചേംബറിൽ തന്നെ കെ.എസ്.എസ്.ഐ.എ. പ്രതിനിധികളുമായി ഒരു യോഗം ചേരാമെന്ന് ചീഫ് എഞ്ചിനിയർ ഉറപ്പ് നല്കുകയും ചെയ്തു. കൂടാതെ ദക്ഷിണേന്ത്യയിൽ തന്നെ ആദ്യമായിട്ടാണ് ഒരു സംഘടന **Signing of MOU with GeM** ചെയ്യുന്നത്. ഇതിനായി **Prakash Mirani, IRSS, Joint Secretary & Additional CEO, GeM, Ministry of Commerce and Industry, Govt. of India, New Delhi. Muralidharan.A.V., Deputy Director General and Dy. C E O (GeM)** വന്നിരുന്നു. അതും മംഗളകരമായി നടന്നു. കേരളത്തിലെ ചെറുകിട വ്യവസായ മേഖലയെ പ്രതിനിധാനം ചെയ്യുന്ന ഈ അസോസിയേഷന്റെ 14 ജില്ലകളിലെ 300 ഓളം സംസ്ഥാന പ്രതിനിധികൾ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി. സെൻട്രൽ സോൺ വൈസ് പ്രസിഡന്റ് എബ്രഹാം കുര്യാക്കോസിന്റെ നന്ദി പ്രകാശനത്തോടെ പ്രസ്തുത പരിപാടി പര്യവസാനിച്ചു. ■



ഡിസ്ട്രീബ്യൂഷൻ ഡയറക്ടർ പി. സുരേന്ദ്ര മറുപടി പ്രസംഗം നടത്തുന്നു.



സംസ്ഥാന സംഘടനയുടെ ഉപഹാരം സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ കൈമാറുന്നു.



ഡിസ്ട്രീബ്യൂഷൻ ഡയറക്ടർ പി. സുരേന്ദ്ര അംഗങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നല്കുന്നു.



Prakash Mirani, IRSS, Joint Secretary & Additional CEO, GeM, & State President A.Nizarudeen Signing of MOU With GeM.



സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.



സംസ്ഥാന ജനറൽ സെക്രട്ടറി പി. ജെ.ജോസ് സ്വാഗത പ്രസംഗം നടത്തുന്നു.



മെമ്പർഷിപ്പ് ക്യാമ്പയനിൽ മികച്ച പ്രകടനം കാഴ്ച വെച്ച് ഏറ്റവും കുടുതൽ അംഗങ്ങളെ ചേർത്ത് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കെ.എസ്.എസ്.ഐ.എ. തൃശ്ശൂർ ജില്ല യൂണിറ്റിനെ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ മെമ്മന്റോ നല്കി ആദരിക്കുന്നു.



മെമ്പർഷിപ്പ് ക്യാമ്പയനിൽ മികച്ച പ്രകടനം കാഴ്ച വെച്ച് ഏറ്റവും കുടുതൽ അംഗങ്ങളെ ചേർത്ത് രണ്ടാം സ്ഥാനം കരസ്ഥമാക്കിയ കെ.എസ്.എസ്.ഐ.എ. തിരുവനന്തപുരം ജില്ല യൂണിറ്റിനെ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ മെമ്മന്റോ നല്കി ആദരിക്കുന്നു.



മെമ്പർഷിപ്പ് ക്യാമ്പയനിൽ മികച്ച പ്രകടനം കാഴ്ച വെച്ച് ഏറ്റവും കുടുതൽ അംഗങ്ങളെ ചേർത്ത് മൂന്നാം സ്ഥാനം കരസ്ഥമാക്കിയ കെ.എസ്.എസ്.ഐ.എ. എറണാകുളം ജില്ല യൂണിറ്റിനെ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ മെമ്മന്റോ നല്കി ആദരിക്കുന്നു.



സദസ്സ്

KSSIA NEWS
OCTOBER 2023

# വേൾഡി കോഫി കോൺഫറൻസ് & എക്സ്പോ 2023. ആതിഥ്യമരുളി ഇന്ത്യ; ആവേശമായി കേരള പവലീയൻ



സുരജ് എസ്.

വേൾഡ് കോഫി കോൺഫറൻസിന്റെ (WCC) അഞ്ചാമത് എഡിഷൻ. ആദ്യമായി അതിന് ഒരു ഏഷ്യൻ രാജ്യം ആതിഥ്യമരുളുന്നു, അതും നമ്മുടെ മഹാ രാജ്യം. ഏതൊരു ഇന്ത്യൻ പൗരനും അഭിമാനിതമാകുന്ന നിമിഷമായിരുന്നു രാജ്യത്തിന്റെ അദ്ധ്യക്ഷതയിലുള്ള ജി–20 യുമായി ബന്ധപ്പെട്ട് ബാഗ്ലൂരിൽ സംഘടിപ്പിച്ച വേൾഡ് കോഫി കോൺഫറൻസ് & എക്സ്പോ 2023. ഇന്ത്യൻ കോഫിയ്ക്ക് അന്തർദേശീയ തലത്തിൽ മികച്ച നേട്ടമുണ്ടാക്കാൻ സഹായിക്കുന്നതായിരുന്നു 2023 സെപ്റ്റംബർ 25 മുതൽ സെപ്റ്റംബർ 28 വരെ ബാംഗ്ലൂർ പാലസിൽ സംഘടിപ്പിച്ച സമ്മേളനം.




ഇന്റർനാഷണൽ കോഫി ഓർഗനൈസേഷന്റെ (ഐ.സി.ഒ) 75 അംഗരാജ്യങ്ങളും കാപ്പി കർഷകരും സർക്കാർ, സ്വകാര്യമേഖല, വികസന പങ്കാളികൾ, സിവിൽ സൊസൈറ്റി, അക്കാദമിക് പ്രതിനിധികൾ എന്നിവരുൾപ്പടെ പങ്കെടുത്ത സമ്മേളനത്തിന്റെ ഉദ്ഘാടനം ബഹു. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ ആയിരുന്നു നിർവഹിച്ചത്. കാപ്പിക്കുരു കൃഷി മുതൽ വാണിജ്യാവസരങ്ങൾ ഒരുക്കുന്നത് വരെ സുസ്ഥിരമായ കാപ്പി വ്യവസായം കെട്ടിപ്പടുക്കുന്നതിനുള്ള ചർച്ചകളും സംവാദങ്ങൾക്കും സഹകരണ നയ സ്വീകരണങ്ങൾക്കുമുള്ള ഒരു വലിയ വേദി കൂടിയായിരുന്നു വേൾഡ് കോഫി കോൺഫറൻസ് സമ്മേളനം. **മുഴുനീള സമ്പദ് വ്യവസ്ഥയിലൂടെയും പുനരുൽപ്പാദന കൃഷിയിലൂടെയും സുസ്ഥിരത** എന്നതായിരുന്നു 4 ദിവസങ്ങളിലായി നീണ്ടു നിന്ന സമ്മേളനത്തിന്റെ അടിസ്ഥാന വിഷയം. ഇതിൽ 3 ദിവസങ്ങളിലായി കോൺഫറൻസ്, ബി 2 ബി എക്സിബിഷനുകൾ, നൈപുണ്യ വികസന ശിൽപശാലകൾ, ഗ്ലോബൽ സി.ഇ.ഒ. കോൺക്ലേവ്, നെറ്റ് വർക്കിങ്ങ് ഇവന്റുകൾ എന്നിവയും സംഘടിപ്പിച്ചിരുന്നു.



## കരുത്തുകാട്ടി കേരളം

വേൾഡ് കോഫി കോൺഫറൻസ് & എക്സ്പോ 2023– ൽ കേരള പവലീയന്റെ ഉദ്ഘാടനം സംസ്ഥാന വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ബഹു. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ നിർവഹിച്ചു. വയനാടൻ റോബസ്റ്റ കോഫിയെ മാർക്കറ്റ് ചെയ്യുകയെന്ന ലക്ഷ്യവുമായി കേരള പവലിയനിൽ സന്ദർശ കർക്കായി ഒരുക്കിയ ലൈവ് കോഫി കൗണ്ടർ ആരാധക രെയും അനുമോദനങ്ങളെയും നേടിയെടുത്തു. കേരളത്തിന്റെ പരമ്പരാഗത വാസ്തുശിൽപചാതുരി പ്രദർശിപ്പിക്കുന്ന പവലിയൻ കാണികളുടെ ഇഷ്ട കേന്ദ്രമായി മാറിയിരുന്നു. കേരളത്തനിമ വിളിച്ചോതുന്ന കഥകളി പ്രതിമയാണ് പലവീയനിലേക്ക് സന്ദർശകരെ സ്വീകരിച്ചത്. കാപ്പി മേഖലയുമായി ബന്ധപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട സ്റ്റാർട്ടപ്പുകൾ ഉൾപ്പടെ 14 സംരംഭക വ്യക്തിഗത യൂണിറ്റുകളും വേൾഡ് കോഫി കോൺഫറൻസിൽ കേരളത്തെ പ്രതിനീധികരിച്ച് സാന്നിദ്ധ്യം അറിയിച്ചിരുന്നു. കേരള വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള കേരള പ്ലാന്റേഷൻ ഡയറക്ടറേറ്റ് ആണ് കേരള പലവിയൻ ഒരുക്കിയത്. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രീയൽ പ്രൊമോഷനാണ് തീം പവലിയന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത്.




കാപ്പി ഉത്പാദനത്തിൽ രാജ്യത്ത് രണ്ടം സ്ഥാനമാണ് കേരളത്തിന്. 72,000 ടൺ ആണ് കേരളത്തിന്റെ ഉത്പാദനം. രാജ്യത്തെ മൊത്തം ഉത്പാദനത്തിന്റെ 20 ശതമാനം വരുമിത്. വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിലാണ് സംസ്ഥാനത്ത് പ്രധാനമായും കാപ്പി ഉത്പാദനം നടക്കുന്നത്. ഭൗമ സൂചിക പട്ടികയിൽ ഇടം പിടിച്ച, രാജ്യാന്തര വിപണിയിലും ആഭ്യന്തര വിപണിയിലും ആവശ്യക്കാരേറെയുള്ള വയനാടൻ റോബസ്റ്റ കോഫി തന്നെയായിരുന്നു സമ്മേളനത്തിൽ കേരളത്തിന്റെ മുഖമുദ്ര.

കാപ്പി വ്യവസായത്തിലെ നൂതന സാദ്ധ്യതകൾ അറിയുന്നതിനും അവ പ്രായോഗിക തലത്തിൽ പ്രാവർത്തികമാക്കുന്നതിനുമായി വയനാട്ടിലെ വയനാട് കോഫി ഗ്രോവേഴ്സ് അസോസിയേഷൻ അംഗങ്ങളായ 200 ഓളം കാപ്പിക്കർഷകരും സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. സമ്മേളനത്തോടനുബന്ധിച്ച് പ്രമുഖർ നയിച്ച ക്ലാസുകൾ കാപ്പി വ്യവസായത്തെക്കുറിച്ച് കൂടുതൽ ഉൾക്കാഴ്ചകൾ ഇവർക്കു സമ്മാനിച്ചു. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള വെല്ലുവിളി തരണം ചെയ്യുന്നത് മനസ്സിലാക്കുന്നതിനൊപ്പം കാപ്പി വിപണിയെക്കുറിച്ചും മുല്യവർദ്ധിത ഉത്പന്നങ്ങളെക്കുറിച്ചും മറ്റു രാജ്യങ്ങളുടെ കാപ്പി സംസ്കാരത്തെക്കുറിച്ചുമെല്ലാം അറിയാനുള്ള അവസരവും ഇതിലൂടെ ഇവർക്ക് ലഭ്യമായി.

## നാടിന്നടയാളമായി വയനാടൻ റോബസ്റ്റ കോഫി

മണ്ണിനോടും മൃഗങ്ങളോടും പടവെട്ടുന്ന വയനാട്ടിലെ മലയോര വീടുകളിലെ നിത്യ നിറയൗവന റോബസ്റ്റാ കാപ്പിക്ക് ഭൗമ സൂചിക പദവി ലഭിച്ചത് ഈ മേഖലയിലെ കർഷകർക്ക് ഊർജ്ജവും ആവേശവും തന്നെയാണ്. രാജ്യാന്തര വിപണിയിൽ ആവശ്യക്കാർ ഏറെയുള്ള വയനാടൻ റോബസ്റ്റ കാപ്പി ലോക മാർക്കറ്റിൽ കേരളത്തിന്റെ അടയാളപ്പെടുത്തൽ കൂടിയാണ്.

പൊതുവെ കടുപ്പം കൂടിയ കാപ്പിയിനമാണ് റോബസ്റ്റ. അത് കൊണ്ട് തന്നെ മണവും രുചിയും കൂടുതലുള്ള അറബിക്കയുമായി ബെൻഡ് ചെയ്താണ് ഇവ ഉപയോഗിക്കുന്നത്. കൃത്യമായ അളവിലെ ബെൻഡിങ്ങ് രുചിയിലും, മണത്തിലും, കടുപ്പത്തിലും റോബസ്റ്റ കോഫിയെ മറ്റൊരു തലത്തിലേക്ക് എത്തിക്കും. അത് കൊണ്ട് തന്നെയാണ് ഇറ്റലി, ബെൽജിയം, ഫ്രാൻസ് തുടങ്ങി യൂറോപ്യൻ രാജ്യങ്ങളിൽ ഇത് പ്രിയപ്പെട്ട താകുന്നതും. നെസ്റ്റകഫേ പോലുള്ള ബ്രാൻഡഡ് കോഫികൾ ബെൻഡ് ചെയ്യാൻ ഉപയോഗിക്കുന്നതും വയനാടൻ റോബസ്റ്റ് കോഫിയാണ്.

1890–1900 കാലഘട്ടങ്ങളിൽ അത്യുഗ്രൻ രോഗപ്രതിരോധ ശേഷിയും വയനാടൻ മണ്ണിന് യോജിച്ചതുമായ പെരിഡിനിയ റോബസ്റ്റ എന്ന കാപ്പിയുടെ വിത്തുകൾ ശ്രീലങ്കയിൽ നിന്നും, ഇന്തോനേഷ്യയിലെ ജാവ ഐലൻഡിൽ നിന്നും ബ്രിട്ടീഷുകാർ ഇറക്കുമതി ചെയ്തു. ഈ കാപ്പിയിനമാണ് ഇന്നും വയനാടൻ മണ്ണിൽ നൂറുമേനി വിളയുന്നതും. ഭൗമ സൂചിക പദവി നേടിയെടുത്തതും.

ചോല മരങ്ങൾക്കിടയിൽ വളർത്തുന്ന വയനാടൻ കാർബൺ ന്യൂട്രൽ കാപ്പി ബ്രാൻഡ് ചെയ്ത് വിപണിയിലെത്തിക്കാൻ സർക്കാർ നടപടി കൈകൊണ്ടിട്ടുണ്ട്. വയനാടൻ റോബസ്റ്റ കാപ്പിക്ക് ഭൗമ സൂചിക പദവി ലഭിച്ചതോടെ രാജ്യാന്തര വിപണിയിലും ആഭ്യന്തര വിപണിയിലും ആവശ്യകാർ വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ഭൗമ സൂചിക പദവി നേടിയെടുത്തതിന്റെ ഗുണഗനങ്ങൾ കൃഷിക്കാർക്ക് ഇനിയും മനസ്സിലായിട്ടില്ല. പ്രാദേശിക വിപണികളിലും ആഭ്യന്തര കയറ്റുമതി രംഗത്തും ഇതിന്റെ സാദ്ധ്യതകൾ മനസ്സിലാക്കി ഉപയോഗപ്പെടുത്തിയവർ തുലോം കുറവാണ്. കൂടുതൽ കാപ്പി കർഷകർ ഈ രംഗത്തേക്ക് വരികയും ഉത്പാദന രംഗത്തും വിപണന രംഗത്തും കേരളത്തിലെ കോഫി മേഖല ഇനിയും ഉയരങ്ങളിലേക്ക് കുതിക്കുമെന്നും നമ്മുക്ക് വിശ്വസിക്കാം.

കോഫി സ്റ്റാർട്ടപ്പുകൾ, കോഫി റോസ്റ്ററുകൾ, സ്പെഷ്യാലിറ്റി കോഫി ഗ്രോവേഴ്സ്, ചെറുകിട കർഷകർ എന്നിവരുടെ മികച്ച ഉൽപന്നങ്ങളുമായി സംരംഭക/കർഷക പ്രതിനിധികളും ഉടമകളും സമ്മേളനത്തിൽ തങ്ങളുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിച്ചിരുന്നു. സംരംഭകർ, റീട്ടെയിലർമാർ, കഫേ–ബിസിനസ് ഉടമകൾ, നിക്ഷേപ അവസരങ്ങൾക്കായി തിരയുന്ന ബിസിനസ്സ് നേതാക്കൾ എന്നിവർക്ക് ഭാവി നിക്ഷേപമായി വേൾഡ് കോഫി കോൺഫറൻസ് & എക്സ്പോ 2023 മികച്ച അവസരങ്ങളായിരുന്നു ഒരുക്കി നൽകിയത്. 80–ലധികം രാജ്യങ്ങളിൽ നിന്നുള്ള 2,000 പ്രതിനിധികളുടെ സാന്നിദ്ധ്യത്തിനും 10,000 ത്തിലധികം സന്ദർശകർക്കും സാക്ഷ്യം വഹിച്ച വേൾഡ് കോഫി കോൺഫറൻസ് പകരുന്ന ആത്മവിശ്വാസം ചെറുതൊന്നുമല്ല. കോഫി വ്യവസായ മേഖലയിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തെ സംബന്ധിച്ച് വേൾഡ് കോഫി കോൺഫറൻസ് & എക്സ്പോ 2023 സമ്മേളനം പുത്തൻ പ്രതീക്ഷകൾ പകരുന്നതാണ്.

**കെ–ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**

# കേരള ബ്രാൻഡ്



എസ്. ഹരി കിഷോർ ഐ.എ.എസ്

ഒരു സംരംഭത്തെക്കുറിച്ചോ ഉല്പന്നത്തെക്കുറിച്ചോ ഉപഭോക്താക്കളുടെ മനസിൽ മായത്ത ഒര ചിത്രം വരയ്ക്കാൻ സഹായിക്കുന്നതിനുള്ള ഉപാധിയാണ് ബ്രാൻഡിംഗ്. ആഗോള ബ്രാൻഡിംഗ് ഉപയോഗിക്കുന്നത് ഉപഭോക്തൃ അവബോധം സൃഷ്ടിക്കാനും ആത്യന്തികമായി ലാഭം വർദ്ധിപ്പിക്കാനും സംരംഭങ്ങളെ സഹായിക്കും.

ആഗോള ഉപഭോക്താക്കളുടെ മനസിൽ കേരളത്തിന്റെ ഉല്പന്നങ്ങളുടെ/സേവനങ്ങളുടെ ആകർഷമായ ചിത്രം എത്തിക്കാനാണ് കേരള ബ്രാൻഡ് വിഭാവനം ചെയ്തിരിക്കുന്നത്. ഗുണമേന്മയുള്ളതും ധാർമ്മികവും ഉത്തരവാദിത്വമുള്ളതുമായ വ്യാവസായിക സമ്പ്രദായങ്ങളോടുള്ള കേരളത്തിന്റെ പ്രതിബദ്ധതയെ അത് ഉയർത്തിക്കാട്ടുകയും കേരളത്തിൽ നിർമ്മിച്ച് തദ്ദേശീയ ഉല്പന്നങ്ങൾക്ക് തനതായ ഒരു ഐഡന്റിറ്റി സൃഷ്ടിച്ചുകൊണ്ട് ആഗോള വിപണി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കേരള സംരംഭങ്ങളെ പ്രാപ്തരാക്കുകയും ചെയ്യും.

2023 വ്യവസായ വാണിജ്യ നയത്തിന്റെ 7 പ്രധാന മേഖലകളിലൊന്നാണ് കേരള ബ്രാൻഡിന്റെ വികസനം. കേരളത്തിന്റെ തനത് ഉല്പന്നങ്ങൾക്ക് കേരള ബ്രാൻഡ് സൃഷ്ടിച്ച് അവയുടെ ഗുണനിലവാരം ലോകത്തിന് ബോദ്ധ്യപ്പെടുക എന്നതാണ് നയത്തന്റെ ലക്ഷ്യം. കേരളത്തിനകത്ത് ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുകയും വിപണനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്നുള്ളതാണ് കേരള ബ്രാൻഡിലൂടെ ഉന്നം വെക്കുന്നത്. ഉല്പന്നത്തിന്റെ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കപ്പെടാൻ സന്നദ്ധതയുള്ള ഉല്പാദകരുടെ വിപണന അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് കേരള ബ്രാൻഡിന് കഴിയും. കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ നേടുന്ന ഉല്പന്നങ്ങൾ മെയ്ഡ് ഇൻ കേരള എന്ന ബ്രാൻഡ് നാമത്തിൽ തദ്ദേശീയ വിദേശ കമ്പോളങ്ങളിൽ വില്പന നടത്താനുള്ള പദ്ധതിയാണ് കേരള ബ്രാൻഡ്. കേരളത്തിലെ ഉല്പന്നങ്ങൾക്ക് ബ്രാൻഡ് ഇമേജ് സൃഷ്ടിച്ച് ആഗോള ഉപഭോക്താക്കളുടെ ഇടയിൽ ഇടം പിടിക്കുന്നതിന് കേരള ബ്രാൻഡിന് കഴിയും.

## ലക്ഷ്യങ്ങൾ

- ധാർമികവും ഉത്തരവാദിത്വപരവുമായ വ്യവസായ നടത്തിപ്പിനെ തിരിച്ചറിയുക.
- ആഗോളതലത്തിൽ വിശ്വസ്തരായ ഉപഭോക്താക്കളുടെ അടിത്തറ സൃഷ്ടിക്കുക.
- പ്രത്യേകമായ ഗുണനിലവാര മാനദണ്ഡങ്ങൾ പുലർത്തുന്ന സംരംഭങ്ങളെ തിരിച്ചറിയുക.
- ആഭ്യന്തരമായി വളരുന്ന സംരംഭങ്ങളുടെ വിപണന സാദ്ധ്യതകൾ വർദ്ധിപ്പിക്കുകയും അതിലൂടെ തനത് ഉല്പന്നങ്ങൾക്ക് മൂല്യവർദ്ധനവ് സൃഷ്ടിക്കുകയും ചെയ്യുക.
- കേരളത്തിലെ സംരംഭങ്ങളുടെ കയറ്റുമതി പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഉയർത്തുകയും ചെയ്യുക.

## നേട്ടങ്ങൾ

ഉപഭോക്താക്കൾക്ക് ഉയർന്ന ഗുണമേന്മയുള്ള നിലവാരം പുലർത്തുന്ന ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില്പന വർദ്ധിപ്പിക്കുന്നതിനും കേരള ബ്രാൻഡ് സഹായകരമാകും. ഉപഭോക്തൃ വിപണിയിൽ വിവിധ ബ്രാൻഡുകൾ നിറഞ്ഞിരിക്കുന്നതിനാൽ, കുറഞ്ഞ നിലവാരമുള്ളവയിൽ നിന്ന് ഉയർന്ന നിലവാരമുള്ള ബ്രാൻഡുകളെ വേർതിരിച്ചറിയാൻ ഉപഭോക്താക്കൾക്ക് പ്രയാസമാണ്. ഉയർന്ന നിലവാരമുള്ള ഉല്പന്നങ്ങൾ/സേവനങ്ങൾ എന്നിവയിൽ കേരള ബ്രാൻഡ് വ്യത്യസ്തമായി പ്രവർത്തിക്കും. മികച്ച ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ/സേവനങ്ങൾ തിരിച്ചറിയുന്നതിനും നിർമ്മാതാക്കൾ/സേവനദാതാക്കൾക്കും തങ്ങളുടെ ഉല്പന്നങ്ങൾ/സേവനങ്ങൾ ഉയർന്ന വിശ്വാസ്യതയുള്ള ബ്രാൻഡ് നാമത്തിൽ വിപണനം ചെയ്യുന്നതിനും കയറ്റുമതി ചെയ്യുന്നതിനും ഇത് ഉപഭോക്താക്കൾക്ക് പ്രയോജനമാകും.

- ആഭ്യന്തര വിദേശ കമ്പോളങ്ങളിൽ മെയ്ഡ് ഇൻ കേരള എന്ന ബ്രാൻഡിൽ സാധനങ്ങൾ വില്പന നടത്താൻ കഴിയും.
- ഉയർന്ന ഗുണനിലവാരമുള്ള സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് സാമ്പത്തിക സഹായം കിട്ടുകയും അതുവഴി കയറ്റുമതി വർദ്ധിപ്പിക്കും.
- വിപണി വിപുലീകരിക്കുന്നതിനും ഉപഭോക്തൃ അടിത്തറ വിപുലപ്പെടുത്തുന്നതിനും കഴിയും.
- അന്താരാഷ്ട്ര വ്യാപാര മേളകൾ, മാർക്കറ്റിങ്ങ് എക്സ്പോ മുതലായവയിൽ പങ്കെടുത്ത് ഉല്പന്നങ്ങൾ പ്രദർശിപ്പിക്കാം.
- ലോകത്തിന്റെ എല്ലാ ഭാഗത്തും വ്യാപിച്ച് കിടക്കുന്ന മലയാളി സമൂഹത്തിലേക്ക് കേരളത്തിന്റെ തനത് ഉല്പന്നങ്ങൾ എത്തിച്ചേരുന്നതിന് കേരള ബ്രാൻഡിങ്ങിലൂടെ സാദ്ധ്യമാകും.

## പ്രോട്ടോകോൾ

വ്യവസായ മേഖലയിലെ അഭ്യുദയ കാംക്ഷികൾ മുതലായവരിൽ നിന്നും ശേഖരിക്കുന്ന ഡാറ്റകൾ അടിസ്ഥാനമാക്കി കേരള ബ്രാൻഡ് പ്രകാരമുള്ള പൊതു ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്ന ഉല്പന്നങ്ങൾ/സേവനങ്ങൾ തെരഞ്ഞെടുക്കുന്നു. ഏത് വകുപ്പിനും ഏജൻസിക്കും ബന്ധപ്പെട്ട മേഖലകളിൽ നിന്നുള്ള ഉല്പന്നങ്ങൾ/സേവനങ്ങൾ പരിചയപ്പെടുത്താം. ഏതെങ്കിലും ഉല്പന്നങ്ങൾക്ക് സംസ്ഥാന സമിതി നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡപ്രകാരമുള്ള ഗുണനിലവാരമില്ലെങ്കിൽ കേരള ബ്രാൻഡ് പ്രകാരമുള്ള സർട്ടിഫിക്കേഷൻ ലഭിക്കില്ല.

## യൂണിറ്റ് സെല്ലിങ്ങ് പ്രൊപ്പോസിഷൻ (യു.എസ്.പി.)

### കേരള ബ്രാൻഡ് താഴെ പറയും പ്രകാരമുള്ള യു.എസ്.പി. പ്രതിഫലിപ്പിക്കുന്നു.

- കേരളത്തിൽ നിന്നുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള ഉത്പന്ന നിർമ്മാണം.
- മുഴുവനായും കേരളത്തിൽ തന്നെ നിർമ്മിക്കുന്നത്
- ബാലവേല പ്രോത്സാഹിപ്പിക്കാത്തത്
- ലിംഗ വിവേചനമില്ലാതെ പ്രവർത്തിക്കുന്ന ജോലി സ്ഥലങ്ങൾ
- പരിസ്ഥിതി സൗഹൃദവും പരിസ്ഥിതി ബോധമുള്ളതുമായ പ്രവർത്തനങ്ങൾ
- സുരക്ഷിതവും വൃത്തിയുള്ളതും പുരോഗമന പരവുമായ ജോലിസ്ഥലങ്ങൾ
- സാങ്കേതിക വിദ്യയിൽ ഊന്നിയ പ്രവർത്തനങ്ങൾ

## കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ

**സാധുതയും പുതുക്കലും:** കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ അനുവദിക്കുന്നത് തുടക്കത്തിൽ രണ്ട് വർഷമോ കേരള ബ്രാൻഡ് ഗുണ നിലവാരം മാനദണ്ഡപ്രകാരമുള്ള ഗുണനിലവാര സർട്ടിഫിക്കറ്റുകളുടെ കാലാവധി കഴിയുന്നതുവരെയോ വരെയായിരിക്കും. ഒരിക്കൽ സർട്ടിഫിക്കേഷൻ നല്കി കഴിഞ്ഞാൽ അനുവദിച്ച കാലാവധിയ്ക്കുള്ളിൽ അത് പുതുക്കാം. സർട്ടിഫിക്കേഷൻ പുതുക്കുന്നതിനായി പുതുക്കിയ ഗുണനിലവാര സാക്ഷ്യപത്രങ്ങളും സ്വയം സർട്ടിഫൈ ചെക്ക് ലിസ്റ്റും അപേക്ഷയോടൊപ്പം ബന്ധപ്പെട്ട വകുപ്പിൽ സമർപ്പിക്കണം. സർട്ടിഫിക്കേഷൻ പുതുക്കുന്നതിലൂടെ, സ്ഥാപനങ്ങൾക്ക് കേരള ബ്രാൻഡ് സർട്ടിഫൈഡ് ഐഡന്റിറ്റി എന്ന നിലയിൽ ലഭിക്കുന്ന അംഗീകാരങ്ങളിൽ നിന്നും അവസരങ്ങളിൽ നിന്നും പ്രയോജനം നേടാൻ കഴിയും.

## കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ റദ്ദ് ചെയ്യലും സസ്പെന്റ് ചെയ്യലും

ഒരിക്കൽ കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ അനുവദിക്കപ്പെട്ട് കഴിഞ്ഞാൽ കേരള ബ്രാൻഡ് പ്രകാരമുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ, പ്രത്യേക മാനദണ്ഡങ്ങൾ, പൊതു മാനദണ്ഡങ്ങൾ എന്നിവ പാലിക്കപ്പെടാത്ത സ്ഥാപനങ്ങളുടെ സർട്ടിഫിക്കേഷൻ റദ്ദ് ചെയ്യുവാനോ സസ്പെന്റ് ചെയ്യാനോ അത് അനുവദിച്ച അധികാരികൾക്ക് പ്രത്യേക അവകാശമുണ്ടായിരിക്കും.

## പരിശോധന

കേരള ബ്രാൻഡിന്റെ പദവി ഉറപ്പാക്കുന്നതിനായി കാലാകാലങ്ങളിൽ പരിശോധിക്കുന്നതിന് ഒരു പരിശോധനാ സമിതിയുണ്ടായിരിക്കും. കൃത്യമായ മോണിറ്ററിങ്ങ്, മുൻക്കൂട്ടി അറിയിക്കാതെയുള്ള പരിശോധന, സ്ഥല പരിശോധന, പരിഹാര നടപടികൾ എന്നിവ കേരള ബ്രാൻഡ് സർട്ടിഫിക്കേഷനിൽ ഉറപ്പാക്കും. ഗുണനിലവാര മാനദണ്ഡങ്ങളിലും മറ്റ് മാനദണ്ഡങ്ങളിലും എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തിയാൽ നിശ്ചിത സമയപരിധിക്കുള്ളിൽ അത് പരിഹരിക്കുന്നതിന് അവസരം നല്കും. അങ്ങനെ ചെയ്യാത്ത പക്ഷം സർട്ടിഫിക്കേഷൻ റദ്ദ് ചെയ്യുകയോ സസ്പെന്റ് ചെയ്യുകയോ ചെയ്യും. റദ്ദ് ചെയ്യുന്നതിനു മുമ്പ് നോട്ടീസ് നല്കുകയും അവരുടെ ഭാഗം കേൾക്കുകയും പരിഹാര മാർഗ്ഗങ്ങൾ സമർപ്പിക്കാൻ അവസരം നല്കുകയും അത് വിലയിരുത്തുകയും തീരുമാനം എടുക്കുകയും ചെയ്യുന്നു.

## സർട്ടിഫിക്കേഷൻ സംസ്ഥാന തല കമ്മിറ്റി

കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ അവാർഡ് ചെയ്യുന്നത് സംസ്ഥാനതല സമിതിയാണ്. പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും ബന്ധപ്പെട്ട വകുപ്പിന്റെ സെക്രട്ടറി കോ–ചെയർമാനും വ്യവസായ വാണിജ്യ ഡയറക്ടർ കൺവീനറുമായ സമിതിയിൽ മറ്റ് 7 അംഗങ്ങളാണുള്ളത്.

ഓരോ വകുപ്പുകൾക്കും ബാധകമായ മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ അനുവദിക്കുന്നത്.

## താലൂക്ക് തല കമ്മിറ്റി

താലൂക്ക് തല സെലക്ഷൻ കമ്മിറ്റി കേരള ബ്രാൻഡിനുള്ള അപേക്ഷകൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഓരോ ഡിപ്പാർട്ട്മെന്റിന്റെയും തെരഞ്ഞെടുക്കൽ മാനദണ്ഡത്തെ അടിസ്ഥാനമാക്കി കേരള ബ്രാൻഡ് നല്കുകയും ചെയ്യും. പൊതു മാനദണ്ഡങ്ങൾ/വ്യവസ്ഥകൾ, സെക്ടർ അധിഷ്ടിത മാനദണ്ഡങ്ങൾ എന്നിവ അടിസ്ഥാനമാക്കി അപേക്ഷ വിലയിരുത്തുകയും കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ നല്കുകയും ചെയ്യുന്നു. താലൂക്ക് തല സമിതിയിൽ ബന്ധപ്പെട്ട ഡി.ഐ.സി. ജനറൽ മാനേജർ ചെയർമാനും ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാ മേധാവി കോ– ചെയർമാനും ബന്ധപ്പെട്ട വകുപ്പിന്റെ താലൂക്ക് തല മേധാവി കൺവീനറും അടങ്ങുന്ന ആറംഗ കമ്മിറ്റിയാണ് താലൂക്ക് തലത്തിലുള്ളത്.

**വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി. എം.ഡി. ആണ് ലേഖകൻ**

# മെത്തകൾ പകുതി വിലയ്ക്ക് !

Marvel Mattress
AN ISO CERTIFIED COMPANY

ഓരോ മെത്തകൾക്കും, ബെഡ്ഷീറ്റും, പില്ലോസും, പില്ലോ കവറുകളും ക്യാഷ് ഡിസ്കൗണ്ടും




**കോട്ടയം**
തെക്കേക്കര പൂഞ്ഞാർ Ph: 8129760486
ന്യൂ മാർക്കറ്റ്, മുണ്ടക്കയം Ph: 8075993280
ജീലാനിപ്പടി, ഈരാറ്റുപേട്ട Ph: 9526877144,
മുത്തോലി, പാല Ph: 9061576654
പള്ളം,ചിങ്ങവനം Ph: 6282151977
ചരള, എരുമേലി Ph: 9846400947
20ാം മൈൽ, പൊൻകുന്നം Ph: 9495758468
26ാം മൈൽ കാഞ്ഞിരപ്പിള്ളി Ph: 8921566130
വൈക്കം റോഡ്, കുറവിലങ്ങാട് Ph: 8075606838
വാഴൂർ റോഡ്, കറുകച്ചാൽ Ph: 9747055570
ഏറ്റുമാനൂർ Ph: 9497886020
വൈക്കം Ph: 7025554194
കുമരകം Ph: 8891692944
വെള്ളൂർ Ph: 8078021367

**ഇടുക്കി**
മൂപ്പിൽക്കടവ് പാലം, തൊടുപുഴ Ph: 9497561168
വെള്ളക്കയം, ചെറുതോണി Ph: 8289941339
ഇടുക്കി റോഡ്, കട്ടപ്പന Ph: 8606296764
കട്ടപ്പന റോഡ്, കുമളി Ph: 7356712313
ചെമ്പകക്കുഴി, നെടുംകണ്ടം Ph: 9562248530
200 ഏക്കർ, അടിമാലി Ph: 7558038509

**പത്തനംതിട്ട**
വലിയ പറമ്പിൽപടി, റാന്നി Ph: 8590986329
മൂശാരികവല, മല്ലപ്പള്ളി Ph: 7560891647
കടപ്ര, മാന്നാർ Ph: 8943234844
കുറ്റപ്പുഴ, തിരുവല്ല Ph: 9656517299
എം.സി റോഡ്, പന്തളം Ph: 8606282580
വാര്യാപുരം, പത്തനംതിട്ട Ph: 9747386358

**ആലപ്പുഴ** ചേർത്തല Ph: 9207242774

**തൃശൂർ**
വാസുപുരം, കൊടകര Ph: 8606605367
S.H കോളേജ് Jn. ചാലക്കുടി Ph: 7034061223
ഓട്ടുപാറ, ഉത്രാളികാവ് Ph: 9656785432
ആളൂർ ജംഗ്ഷൻ ആളൂർ Ph: 7560815697
ഹൈവേ റോഡ്, പട്ടിക്കാട് Ph: 9946932622
കൊടുങ്ങല്ലൂർ Ph: 7511115754
ഇരിങ്ങാലക്കുട Ph: 9207734234
ചേറ്റുപുഴ Ph: 8086187576
ചാവക്കാട് Ph: 8891668863
ചിയ്യാരം Ph: 9496853487
ചൊവ്വൂർ Ph: 9207481075

**എറണാകുളം**
ചോറ്റാനിക്കര റോഡ്, തിരുവാങ്കുളം Ph: 9497023219
കച്ചേരിത്താഴം, മൂവാറ്റുപുഴ Ph: 9744305655
കടമറ്റം, കോലഞ്ചേരി Ph: 9605591922
യു.സി.കോളേജ്, ആലുവ Ph: 8281833349
മാർക്കറ്റ് റോഡ്, ആലുവ Ph: 7510430002
പള്ളിത്താഴം, നോർത്ത് പറവൂർ Ph: 9895989085
എം.സി.റോഡ്, അങ്കമാലി Ph: 9400611447
പാലാ റോഡ്, കൂത്താട്ടുകുളം Ph: 7559821043
പല്ലാരിമംഗലം, അടിവാട് Ph: 9633894051
ഊന്നുകൽ, കോതമംഗലം Ph: 6282691160
തമ്മനം റോഡ്, പാലാരിവട്ടം Ph: 8111901431
വട്ടയ്ക്കാട്ടുപടി, പെരുമ്പാവൂർ Ph: 7593935864
നെല്ലിക്കുഴി, കോതമംഗലം Ph: 8848442375
ചെറായ് റോഡ്, ഞാറക്കൽ Ph: 7356056619
കൊള്ളിക്കൽ, പിറവം Ph: 7034842734
വള്ളുവള്ളി വളവ്, കൂനമാവ് Ph: 8281653098
ക്ലബ്ബ് Jn., ഇടപ്പള്ളി Ph: 7025615692

FACTORY Kolani, Panchavadipalam THODUPUZHA Ph: 7510430002 www.marvelmattress.co.in

**Looking for world-class 2D CAD drafting software with the productivity and compatibility you need?**

DraftSight

For Designers & Manufacturers, Architects, Engineers, Construction Service Providers, Professional CAD users.

- Create, edit, view, and mark-up any type of 2D and 3D DWG file
- Make significant savings over comparable CAD applications
- Cost-effective CAD software with Network licensing
- Powerful productivity tools to reduce time on drafting and documentation
- Flexible licensing plans to suit various businesses and budgets
- Available as Perpetual and Yearly version. No forced renewals



Conceptia Konnect
CONCEPTIA SOFTWARE TECHNOLOGIES PVT LTD
10/58 G3, Green Garden Road,
Near TV Centre, CSEZ P.O, Kakkanad,
Cochin, Kerala – 682 037

www.ckonnect.in

SPECIAL OFFER

Contact Us
+91 9590 506 408
+91 9847 116 494
marketing@ckonnect.in




# ആരോഗ്യ മെഡിക്ലെയിം നടപടിക്രമങ്ങൾ



വിശ്വനാഥൻ ഒടാട്ട്

അസുഖങ്ങളും അപകടങ്ങളും ദിനം പ്രതി വർദ്ധിച്ച് വരുന്ന ഇന്നത്തെ സാഹചര്യത്തിൽആശുപത്രി ചിലവുകളിലും വൻവർദ്ധനവാണ് ഉണ്ടായിക്കൊണ്ടി രിക്കുന്നത്. പോളിസി ഉടമകൾക്ക്രണ്ടുവിധത്തിൽ ആശുപത്രി ചിലവുകൾ ക്ലെയിംചെയ്യാം. ഒന്നാമത്, ആശുപത്രിയിൽ അഡ്മിറ്റ് ആയി ചികിത്സ കഴിഞ്ഞശേഷംഎല്ലാ അനുബന്ധരേഖകളും, ക്ലെയിംഫോമും നൽകി ഇൻഷുറൻസ് കമ്പനിയോ അല്ലെങ്കിൽ കമ്പനി അംഗീകൃത തേർഡ് പാർട്ടി അഡ്മിനിസ്ട്രേറ്ററോ (ടി.പി.എ.) ക്ലെയിം തീർപ്പാക്കി, പണം ലഭ്യമാക്കുന്നതാണ്. രണ്ടാമതായി ഇൻഷുറൻസ് പോളിസി ഉടമയ്ക്ക് ഇൻഷുറൻസ് കമ്പനി/ടി.പി.എ, അംഗീകൃത ആശുപത്രിയിൽ ട്രീറ്റ്മെന്റ് അഥവാ സൗജന്യ ചികിത്സാസഹായം കൊടുക്കുന്നതാണ്. ഇത്തരത്തിൽ സൗജന്യ ചികിത്സ ലഭിക്കുന്നതിനായി കുറച്ച് ക്ലെയിം നടപടിക്രമങ്ങൾ, ചികിത്സചെയ്യുന്ന ആശുപത്രിയും, അംഗീകൃത ടി.പി.എ. കമ്പനിയും പരസ്പരം ബന്ധപ്പെട്ട് ചെയ്യേണ്ടതാണ്.

ക്യാഷ് – ലെസ് ചികിത്സയിൽ രണ്ട് വിഭാഗങ്ങളുണ്ട്. ഒന്ന്, അഡ്മിറ്റ് ആവുന്നതിന് നാല് ദിവസം മുൻപായി രോഗവിവരങ്ങൾ, പോളിസിവിവരങ്ങൾ എന്നിവ ആശുപത്രിയിലേക്ക് നൽകി ചികിത്സ നൽകുന്ന പ്ലാൻഡ് ഹോസ്പിറ്റലൈസേഷൻ. രണ്ട്, അത്യാഹിതങ്ങൾ, അപകടങ്ങൾ, പെട്ടെന്നുള്ള അസുഖം എന്നിവ മൂലം ആശുപത്രിയിൽചികിത്സക്കായി അഡ്മിറ്റ് ചെയ്യേണ്ട സാഹചര്യം. ഈ സമയത്ത് പോളിസി ഉടമ നൽകുന്ന വിവരങ്ങൾ ആശുപത്രിയിലെ ഇൻഷുറൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ടി.പി.എ. കമ്പനിയെ വിവരംഅറിയിക്കുന്നു. ഇതിനെ പ്രീ ഓതറൈസേഷൻ റിപ്പോർട്ട്എന്നാണ് പറയുന്നത്. ഇതിൽ രോഗ വിവരങ്ങൾ, ഇൻഷുറൻസ് പോളിസി, ഹെൽത്ത്കാർഡ് എന്നിവയുടെ വിവരങ്ങൾ, ചികിത്സ നടത്തുന്നതിനുള്ളചിലവ്എന്നിവ പ്രത്യേകം എഴുതി അറിയിക്കണം. മേൽ പറഞ്ഞ വിവരങ്ങളെ വിലയിരുത്തിയ ശേഷം ടി.പി.എ. ഓഫീസിൽ നിന്നും സൗജന്യമായി ചികിത്സിക്കാനുള്ള അനുമതി രേഖാമൂലം നൽകുന്നതാണ്. ഇങ്ങിനെ നൽകുന്ന ഉത്തരവിനെ ഓതറൈസേഷൻ ലെറ്റർഎന്ന് പറയുന്നു. ഇതിൽ ചികിത്സാ ചിലവുകൾക്കായി ടി.പി.എ.പാസ്സാക്കിയ തുക എത്രയാണെന്ന് കാണിച്ചിരിക്കും. മേൽപറഞ്ഞ വിവരങ്ങൾഇ–മെയിൽ വഴികൈമാറുകയാണ് പതിവ്.

ആശുപത്രി ചികിത്സ കഴിഞ്ഞാൽ അടുത്തത് ക്ലെയിം നടപടിക്രമങ്ങളാണ്. ഇതിനായി രോഗനിർണ്ണയം നടത്തിയതിന്റെ രേഖകൾ, മരുന്ന്, ഓപ്പറേഷൻ, ഡോക്ടർ ഫീസ്, റൂം വാടക തുടങ്ങിയവയുടെ വിവരങ്ങൾ, മറ്റു ബില്ലുകൾ എന്നിവ ഉണ്ടായിരിക്കണം. ഇൻഷുറൻസ് കമ്പനിയുടെ ക്ലെയിംഫോം പൂരിപ്പിച്ചശേഷം, പോളിസി അഥവാ ഹെൽത്ത്കാർഡ് എന്നിവയുടെ കോപ്പി, പ്രീ ഓതറൈസേഷനു വേണ്ടി നൽകിയരേഖ, ടി.പി.എ. നൽകിയ ഓതറൈസേഷൻ ലെറ്റർ, ഡിസ്ചാർജ് കാർഡ്, ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ബില്ലുകൾ എന്നിവ ക്ലെയിം ലഭിക്കുന്നതിനായി സമർപ്പിക്കണം. ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ചെയ്ത് ഏഴ് ദിവസത്തിനകം എല്ലാ അനുബന്ധരേഖകളുടെ വിവരങ്ങളും ഇൻഷുറൻസ് കമ്പനിയെ/ടി.പി.എ. ഓഫീസിൽ അറിയിക്കുകയോ, ഏൽപിക്കുകയോ ചെയ്യേണ്ടതാണ്. പലപ്പോഴും ഈ സമയപരിധി പാലിക്കാൻ പറ്റാത്തതിനാൽ പല പോളിസി ഉടമകൾക്കും ക്ലെയിം ലഭിക്കാതെ പോകുന്നു എന്ന പരാതികൾ ധാരാളമുണ്ട്. ആശുപത്രികളിൽ ചികിത്സക്കായി പോകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ പ്രധാനമാണ് ആശുപത്രി ചിലവുകളുടെ കാര്യം. സാധാരണയായി പോളിസി ഇല്ലാത്തവരിൽ നിന്നും സാധാരണ നിരക്കുകൾ ഈടാക്കുമ്പോൾ, പോളിസിയുള്ളവരിൽ നിന്നും 80%ത്തോളം കൂടുതൽ തുക ഈടാക്കുന്ന ധാരാളം ആശുപത്രികൾ ഉള്ളതായി ഐ.ആർ.ഡി.എ.ഐ.യുടെ കണക്കുകൾസൂചിപ്പിക്കുന്നു. ഉദാഹരണത്തിന്, 1 ലക്ഷം രൂപയുടെ ഒരു മെഡിക്ലെയിം പോളിസി ഉടമയ്ക്ക് 50,000 രൂപയാണ് സാധാരണ ചികിത്സാചിലവ് വരുന്നതെങ്കിൽ ഇൻഷുറൻസ് എടുത്ത വ്യക്തിക്ക് 90,000 രൂപവരെചാർജ്ജ് നൽകേണ്ടിവന്നാൽ പോളിസിഉടമയുടെ ഇൻഷുർ ചെയ്തതുകയിൽ പതിനായിരം രൂപ മാത്രമേ ബാക്കി ഉണ്ടാവുകയുള്ളു. പോളിസി കാലാവധിക്കുള്ളിൽ ഒരു ചികിത്സ കൂടി വേണ്ടി വന്നാൽ, ഇത്തരം സന്ദർങ്ങളിൽ സ്വന്തം പോക്കറ്റിൽ നിന്നും പണം മുടക്കേണ്ട അവസ്ഥ വന്നുചേരാം. ഇത് ഒഴിവാക്കാൻ വേണ്ടിയാണ് ആശുപത്രി തിരഞ്ഞെടുക്കുമ്പോഴും, ആശുപത്രി നിരക്കുകൾ പരിധിക്കുള്ളിൽ തന്നെയാണെന്നും ഉറപ്പുവരുത്തുന്നതിൽ ശ്രദ്ധ വേണമെന്ന് പ്രത്യേകം പറയുന്നത്. ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്നതിന് മുപ്പത് ദിവസം മുൻമ്പ് ഇതേ അസുഖത്തിന് അഡ്മിറ്റ് ആവാതെ ഡോക്ടറെ കണ്ട് രോഗനിർണ്ണയം നടത്താനുള്ള ടെസ്റ്റുകളോ, മരുന്നുകളോ മറ്റോ വാങ്ങിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകളും ഈ ക്ലെയിമിനോടൊപ്പം നൽകാവുന്നതാണ്. ആശുപത്രിയിൽ അഡ്മിറ്റ് ആയി ഡിസ്ചാർജ്ജ് ചെയ്തശേഷം അറുപത് ദിവസം വരെ കഴിക്കുന്ന മരുന്നിന്റെ ബില്ലുകളും ക്ലെയിം ചെയ്യാവുന്നതാണ്. പോളിസിയിൽ ചേർന്ന് ആദ്യത്തെ മുപ്പത് ദിവസം അസുഖം മൂലം ഉണ്ടായേക്കാവുന്ന ചികിത്സാചിലവുകൾ ഇതിൽ ഉൾപ്പെടുകയില്ല. കൂടാതെ ആദ്യത്തെ ഒന്നും, രണ്ടും, മൂന്നും വർഷങ്ങളിൽ കമ്പനികൾ ഒഴിവാക്കിയ അസുഖങ്ങൾക്കും ക്ലെയിം ലഭിക്കുന്നതല്ല.

ചില മെഡിക്ലെയിം പോളിസികളിൽ പോളിസി നിബന്ധനകളിൽ കോപേയ്മെന്റ് നിലവിലുണ്ട്. അതായത് ആശുപത്രി ചിലവിന്റെ ഒരു നിശ്ചിതശതമാനം തുക പോളിസി ഉടമ സ്വയം വഹിക്കണമെന്നർത്ഥം. ഇത്തരം സാഹചര്യത്തിൽ 'ക്യാഷ് ലെസ്' ചികിത്സകളിൽ 'കോപേയ്മെന്റ്' തുക ആശുപത്രിയിൽതന്നെ അടക്കേണ്ടതായിവരും.

**എയിംസ് ഇൻഷൂറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടർ ആണ് ലേഖകൻ.** 9895768333

# കെ.എസ്.എസ്.ഐ.എ. ആലപ്പുഴ ജില്ല യൂണിറ്റ് വാർഷിക പൊതുയോഗവും, വ്യവസായി സംഗമവും സംഘടിപ്പിച്ചു

കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ (കെ.എസ്.എസ്.ഐ.എ) ആലപ്പുഴ ജില്ല ഘടകത്തിന്റെ വാർഷിക പൊതുയോഗവും, വ്യവസായി സംഗമവും ഒക്ടോബർ 14 ന് ബഹു. എം.പി. എ..എം. ആരിഫ് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. ആലപ്പുഴ ജില്ല പ്രസിഡന്റ് ഡി.ശ്യാമപ്രസാദ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സംസ്ഥാന. ജോ. സെക്രട്ടറി വി.കെ. ഹരിലാൽ സ്വാഗതം പറഞ്ഞു. സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ മുഖ്യ പ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി പി.ജെ.ജോസ് ആശംസകൾ അറിയിച്ചു. ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കെ.എസ്.ശിവകുമാർ വ്യവസായ പദ്ധതികളെ കുറിച്ച് വിശദികരിച്ചു. സർക്കാർ സബ്സിഡി നൽകുന്ന പി.എം.ഇ.ജി.പി. പദ്ധതിയുടെ പുരിശോധകരായി ഇതര സംസ്ഥാനത്ത് നിന്ന് വരുന്ന കരാർ ഏജൻസികൾ സംരംഭകരെ ബുദ്ധിമുട്ടിച്ചുകൊണ്ട് സബ്സിഡി തടയുന്നതിനെതിരെ സമ്മേളനം പ്രമേയം പാസാക്കി. സർക്കാരിന്റെ സംരംഭക വർഷം ഒന്നും രണ്ടും വലിയ കുതിച്ചു ചാട്ടം ഉണ്ടാക്കിയിട്ടുണ്ടെന്ന് ഉദ്ഘാടനം ചെയ്തുകൊണ്ട് എം.പി., എ.എം. ആരിഫ് പറഞ്ഞു. മാദ്ധ്യമങ്ങളും ഉദ്യോഗസ്ഥരും സംരംഭങ്ങളെ കുറെക്കൂടി പോസിറ്റീവ് ആയി സമീപിച്ചാൽ സംരംഭമേഖലയിൽ കേരളത്തിന് വലിയ വളർച്ചയുണ്ടാകുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ആലപ്പുഴ ജില്ല യുണിറ്റിന് നിലവിൽ ഓഫീസ് ഇല്ലാത്തതിനാൽ കെ.എസ്.എസ്.ഐ.എ. ആലപ്പുഴ ജില്ല യൂണിറ്റിന്റെ ഓഫീസ്സ് പ്രവർത്തനത്തിനു വേണ്ടി പുന്നപ്രപണി പൂർത്തിയാകുന്ന ഗാലയിൽ ഒരു ഓഫീസ് സ്പെയ്സ് ഡി.ഐ.സി. ജനറൽ മാനേജറോട് നിവേദനത്തിലൂടെ ആവശ്യപ്പെടുകയും ജി.എം. അത് പരിഗണിക്കാമെന്ന് ഉറപ്പ് നല്കുകയും ചെയ്തു. യോഗത്തിൽ വെച്ച് കേരള സ്റ്റേറ്റ് ഐ‌എസ് മാന്യുഫാക്ചറേഴ്സ് അസോസിയേഷൻ കെ.എസ്.എസ്.ഐ.എ. യിൽ അഫിലിയേറ്റഡ് മെമ്പർഷിപ്പ് എടുക്കുന്നതിനുള്ള ഡിറ്റെയിൽസ് എം.എസ്.അനസ് സംസ്ഥാന പ്രസിഡന്റിന് കൈമാറി. ജില്ലയിലെ മികച്ച് 6 സംരംഭകർക്ക് എം.പി. അവാർഡുകൾ വിതരണം ചെയ്തു. വിവിധ സംരംഭകർ അവരുടെ ഉല്പന്നങ്ങൾ സംബന്ധിച്ച് പ്രസന്റേഷനുകൾ നടത്തി. പങ്കെടുത്ത എല്ലാവർക്കും ജില്ല സെക്രട്ടറി മുജീബ് റഹിമാന്റെ നന്ദി പ്രകാശനത്തോടെ സമ്മേളനം അവസാനിച്ചു. ■



വാർഷിക പൊതു യോഗം ബഹു. എം.പി. എ.എം. ആരിഫ് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.


സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ മുഖ്യപ്രഭാഷണം നടത്തുന്നു.

## തിരുവനന്തപുരം ടൗണിൽ കെ.എസ്.എസ്.ഐ.എ. വ്യവസായ ഭവനു വേണ്ടി സ്ഥലം ആവശ്യമുണ്ട്.

കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന് വ്യവസായ ഭവനു വേണ്ടി തിരുവനന്തപുരം ടൗണിൽ സെക്രട്ടറിയേറ്റ് പരിസരത്തോ തമ്പാനൂരിൽ നിന്ന് 2 കിലോ മീറ്റർ ചുറ്റളവിലോ ബിൽഡിങ്ങോടു കൂടിയോ അല്ലാതെയോ ഉള്ള പ്ലോട്ട് ആവശ്യമുണ്ട്.

*ബന്ധപ്പെടുക:*

എ.ഫസിലുദ്ദീൻ (സംസ്ഥാന വൈസ് പ്രസിഡന്റ്) ഫോൺ: 94007 04000
പി.ജെ.ജോസ് (സംസ്ഥാന ജനറൽ സെക്രട്ടറി) ഫോൺ: 98460 53553





# കെ.എസ്.എസ്.ഐ.എ. തൃശ്ശൂർ ജില്ല യൂണിറ്റ് വാർഷിക പൊതുയോഗവും, നിക്ഷേപ സംഗമവും സംഘടിപ്പിച്ചു

കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ (കെ.എസ്.എസ്.ഐ.എ) തൃശ്ശൂർ ജില്ല ഘടകത്തിന്റെ നാൽപ്പത്തിയേഴാമത് വാർഷിക പൊതുയോഗവും, നിക്ഷേപ സംഗമവും സെപ്റ്റംബർ 25 ന് ബഹു. കേരള സംസ്ഥാന വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ഹോട്ടൽ ദാസ് കോൺടിനന്റൽ, തൃശ്ശൂരിൽ തിങ്ങി നിറഞ്ഞ സദസ്സിന് മുന്നിൽ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ ജില്ല പ്രസിഡന്റ് കെ. ഭവദാസൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ, ജനറൽ സെക്രട്ടറി പി. ജെ. ജോസ്, വൈസ് പ്രസിഡന്റ് എബ്രഹാം കുര്യാക്കോസ്, സംസ്ഥാന ട്രഷറർ ജോസഫ് പൈകട, സംസ്ഥാന ജോയിന്റ് സെക്രട്ടറി ബി. ജയകൃഷ്ണൻ, കെ.സ്.എസ്.എഫ്. സംസ്ഥാന കൺവീനർ പോൾ വാഴക്കാല, ജില്ലാ സെക്രട്ടറി നോബി ജോസഫ് എന്നിവർ സന്നിഹിതരായിരുന്നു. ബഹു. തൃശ്ശൂർ ജില്ലാ കളക്ടർ വി. ആർ. കൃഷ്ണതേജ ഐ.എ.എസ്, എം.എസ്.എം.ഇ. ജോയിന്റ് ഡയറക്ടർ ജി. എസ്. പ്രകാശ്, വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. കെ.എസ്. കൃപകുമാർ, തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീമതി. ഷീബ എന്നിവരുടെ സാന്നിദ്ധ്യം കൊണ്ട് സമ്പന്നമായിരുന്നു വേദി.

കെ.എസ്.എസ്.ഐ.എ. യുടെ (തൃശ്ശൂർ ജില്ലാ ഘടനത്തിന്റെ) അഭിമാന സംരംഭമായ ഇൻഡസ്ട്രീയൽ പാർക്കിലെ നിക്ഷേപകരെ ജോയിന്റ് സെക്രട്ടറി ഷാഹുൽ ഹമീദ് സദസ്സിന് പരിചയപ്പെടുത്തി. 235 കോടി നിക്ഷേപം വരുന്ന ഈ നിക്ഷേപക സംഗമം അവതരിപ്പിച്ചത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീമതി. ഷീബ ആയിരുന്നു. സംസ്ഥാന കമ്മിറ്റി അംഗം കെ.വി. ഷാജുവിന്റെ നന്ദി പ്രകടനത്തോടെ സമ്മേളനം പര്യവസാനിച്ചു.



ബഹു.വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.



കെ.എസ്.എസ്.ഐ.എ. തൃശ്ശൂർ ജില്ല വാർഷിക പൊതു യോഗത്തിൽ ബഹു.വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടന പ്രസംഗം നടത്തുന്നു



വാർഷിക പൊതുയോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ മുഖ്യ പ്രഭാഷണം നടത്തുന്നു.



# ജില്ലാ വാർത്തകൾ

## ഇൻഫ്ളുവൻഷ്യൽ പ്ലാസ്റ്റിക് എക്സിബിഷൻ




കേരള പ്ലാസ്റ്റിക് മാന്യുഫാക്ചറേഴ്സ് അസോസിയേഷൻ സംഘടിപ്പിച്ച ഇൻഫ്ളുവൻഷ്യൽ പ്ലാസ്റ്റിക് എക്സിബിഷന്റെ ഉദ്ഘാടനം ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് നിർവഹിച്ചു. പ്രസ്തുത ചടങ്ങിൽ വിശിഷ്ടാതിഥിയായി പങ്കെടുത്ത് സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ. ജോസ് ഭദ്രദീപം കൊളുത്തുന്നു.

## ഡിജിറ്റൽ ഓൺലൈൻ മാർക്കറ്റിംഗ്




കൊല്ലം ജില്ല വ്യവസായ കേന്ദ്രം സംഘടിപ്പിച്ച ടെക്നോളജി ക്ലിനിക്ക് 2023-24 ഡിജിറ്റൽ ഓൺലൈൻ മാർക്കറ്റിംഗ് ദ്വിദിന സാങ്കേതിക ശില്പശാല കൊല്ലം ജില്ല സബ്കളക്ടർ മുകുന്ദ് ഠാക്കൂർ ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ പങ്കെടുത്ത് മുഖ്യ പ്രഭാഷണം നടത്തി.

## എം.എസ്.എം.ഇ. ഇൻഷുറൻസ് പദ്ധതി



സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന എം.എസ്.എം.ഇ. ഇൻഷുറൻസ് പദ്ധതിയുടെ ഉദ്ഘാടന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ പങ്കെടുത്ത് ആശംസകൾ അറിയിച്ചു.

## എം.എസ്.എം.ഇ. പരിശീലന പരിപാടി



ഇടുക്കി ജില്ല സംഘടിപ്പിച്ച എം.എസ്.എം.ഇ. യൂണിറ്റുകളിലെ സ്റ്റാഫുകൾക്കുള്ള ട്രെയിനിങ് പ്രോഗ്രാം ജനറൽ സെക്രട്ടറി പി. ജെ. ജോസ് ഉദ്ഘാടനം ചെയ്യുന്നു.

## കെ.ഐ.ഇ.ഡി. പരിശീലന പരിപാടി




KIED Flagship Training Programme ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജോ. സെക്രട്ടറി ബി. ജയകൃഷ്ണൻ പങ്കെടുത്ത് ആശംസകൾ നേർന്നു.

## വ്യവസായി സംഗമം



KSSIA യുടെ അഫിലിയേറ്റഡ് മെമ്പറായ Biodegradable Paper Products Manufacturers Association സംഘടിപ്പിച്ച വ്യവസായി സംഗമത്തിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ വ്യവസായ വകുപ്പുമായി സംബന്ധിച്ച വിവരങ്ങൾ പങ്ക്‌വെക്കുന്നു.





KSSIA NEWS
Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
Price ₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.